# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഒക്ടോബർ–2012 ലക്കം 10**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ലോകമിഷൻഞായർ ..................................... 03

Approved Centers of Marriage Preparation Course ......... 11

രൂപതാകച്ചേരി വാർത്തകൾ ..................................... 12

പാസ്റ്ററൽ കൗൺസിൽ ..................................... 14

റോസാപ്പൂക്കളുടെ കിരീടം ..................................... 15

മതബോധനരംഗം ..................................... 23

ബൈബിൾ അപ്പോസ്റ്റലേറ്റ് ..................................... 25

ചെറുപുഷ്പമിഷൻലീഗ് ..................................... 26

കെ. സി. വൈ. എം. ..................................... 36

കുടുംബപ്രേഷിതത്വം ..................................... 40

സിയോൻ വാർത്തകൾ ..................................... 47

ജീസസ്‌യൂത്ത്, ക്രിസ്റ്റീൻ ..................................... 51

വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................................... 53

ജയിൽ മിനിസ്ട്രി ..................................... 56

സാമൂഹ്യ സേവനരംഗം (WSSS)..................................... 58

കേരള ലേബർ മൂവ്മെന്റ് ..................................... 61

& ..................................... 63

റേഡിയോ മാറ്റൊലി ..................................... 65

മീഡിയാ കമ്മീഷൻ ..................................... 67

അറിയിപ്പുകൾ ..................................... 69

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 70

ബിഷപ്സ് പ്രോഗ്രാം ..................................... 71

# ലോകമിഷൻ ഞായർ - 2012

## മാർപാപ്പായുടെ സന്ദേശം

***"സത്യത്തിന്റെ വചനം പ്രസരിപ്പിക്കാൻ വിളിക്കപ്പെട്ടവർ"***
(അപ്പസ്തോലിക ലേഖനം, *പോർത്താ ഫീദെയി*)

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഈ വർഷത്തെ ലോകമിഷൻ ഞായർ ആചരണത്തിനു സവിശേഷമായ അർത്ഥമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50-ാം വാർഷികം, വിശ്വാസവർഷാചരണത്തിന്റെയും നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിന്റെയും തുടക്കം ഇതെല്ലാം കൂടുതൽ ധീരതയോടും തീക്ഷ്ണതയോടും കൂടി വിജാതീയരിൽ സുവിശേഷപ്രവർത്തനം നടത്താനുള്ള സഭയുടെ ആഗ്രഹം വീണ്ടും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. സുവിശേഷം ലോകത്തിന്റെ എല്ലാ അതിരുകളിലും എത്തുന്നതിനും വേണ്ടിയാണത്.

ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള കത്തോലിക്കാ മെത്രാന്മാർ പങ്കെടുത്ത രണ്ടാം വത്തിക്കാൻ സൂനഹദോസ് യഥാർത്ഥത്തിൽ സഭയുടെ സാർവത്രികതയുടെ പ്രകാശമാനമായ അടയാളമായിരുന്നു. ആദ്യമായിട്ടാണ് ഏഷ്യ, ആഫ്രിക്ക, ലാറ്റിൻഅമേരിക്ക, ഓഷ്യാനാ എന്നിവിടങ്ങളിൽ നിന്ന് മെത്രാന്മാരുടെ വലിയൊരു സംഖ്യ സമ്മേളിച്ചത്. അക്രൈസ്തവരുടെയിടയിൽ ചിതറിക്കിടക്കുന്ന ക്രൈസ്തവസമൂഹങ്ങളിൽ നിന്നുള്ള മിഷണറി മെത്രാന്മാരും ദേശീയമെത്രാന്മാരും എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള സഭയുടെ ഒരു പ്രതിരൂപം സൂനഹദോസിൽ അവതരിപ്പിച്ചു. അക്കാലത്ത് "മൂന്നാം ലോകം" എന്നു വിളിക്കപ്പെട്ടിരുന്ന ലോകത്തിലെ സങ്കീർണ യാഥാർത്ഥ്യങ്ങളുടെ വ്യാഖ്യാനം നല്കുകയും ചെയ്തു. രൂപീകരണപ്രക്രിയയിലുള്ള യുവസഭകളുടെ അജപാലകരെന്ന നിലയിൽ അനുഭവസമ്പത്തുള്ള അവർ ദൈവരാജ്യ വ്യാപനത്തിനുള്ള ആവേശത്താൽ പ്രചോദിതരായിരുന്നു. വിജാതീയരുടെയിടയിൽ സുവിശേഷവത്കരണം നടത്തുകയെന്ന അടിയന്തിരാവശ്യത്തെക്കുറിച്ച് അവർ ഊന്നിപ്പറഞ്ഞു. അങ്ങനെ സഭാശാസ്ത്രത്തിന്റെ കേന്ദ്രത്തിൽ സഭയുടെ മിഷണറി സ്വഭാവം സ്ഥാപിക്കുകയും ചെയ്തു.

ഇന്നും ആ ദർശനം സാധുതയുള്ളതാണ്. യഥാർത്ഥത്തിൽ അത് ഫലപൂർണവും ദൈവശാസ്ത്രപരവും അജപാലനപരവുമായ വിചിന്തനം അനുഭവിച്ചിട്ടുണ്ട്. അതേസമയം നവീനമായ അടിയന്തിരസ്വഭാവത്തോടെ അത് അവതരിപ്പിക്കപ്പെടുന്നു. എന്തെന്നാൽ ക്രിസ്തുവിനെ അറിയാത്തവരുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നു. "ക്രിസ്തുവിനെ കാത്തിരിക്കുന്നവരുടെ സംഖ്യ ഇപ്പോഴും വളരെ വലുതാണ്" എന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ *രക്ഷകന്റെ മിഷൻ* എന്ന ചാക്രികലേഖനത്തിൽ മിഷണറി കല്പനയുടെ ശാശ്വതസാധുതയെ സംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "നമ്മെപ്പോലെ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട നമ്മുടെ അനേകമില്യൺ സഹോദരീ സഹോദരന്മാർ ദൈവസ്നേഹത്തെപ്പറ്റി അറിയാതെ ജീവിക്കുന്നുവെന്നു ചിന്തിക്കുമ്പോൾ നമുക്ക് സംതൃപ്തരായിരിക്കാൻ സാധിക്കുകയില്ല" (നമ്പർ 86).

വിശ്വാസവർഷാചരണം അറിയിച്ചുകൊണ്ട് ഞാനും ഇപ്രകാരം എഴുതി: "ഇന്നും കഴിഞ്ഞകാലത്തേതുപോലെ തന്നെ, ഭൂമിയിലെ എല്ലാ ജനങ്ങളോടും സുവിശേഷം പ്രഘോഷിക്കാൻ ലോകത്തിന്റെ വൻസഞ്ചാരമാർഗങ്ങളിലൂടെ ക്രിസ്തു നമ്മെ അയയ്ക്കുന്നു" (അപ്പസ്തോലികലേഖനം, *പോർത്ത ഫീദെയി,* നമ്പർ 7). അത്തരമൊരു പ്രഘോഷണം, *സുവിശേഷപ്രഘോഷണ*മെന്ന അപ്പസ്തോലികാഹ്വാനത്തിൽ ദൈവദാസൻ പോൾ 6–ാമൻ മാർപാപ്പാ പറഞ്ഞതുപോലെ "സഭയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം ചെയ്യാവുന്ന കാര്യമല്ല. കർത്താവായ യേശുവിന്റെ കല്പന മൂലം അവളുടെ കടമയാണത്. ജനങ്ങൾ വിശ്വസിക്കാനും രക്ഷിക്കപ്പെടാനും വേണ്ടിത്തന്നെ. ഈ സന്ദേശം യഥാർത്ഥത്തിൽ അത്യാവശ്യമാണ്. ഇത് അതുല്യമാണ്. ഇതിനുപകരം മറ്റൊന്നു വയ്ക്കാനാവുകയില്ല" (നമ്പർ5).

അതുകൊണ്ട് ആദിമക്രൈസ്തവസമൂഹങ്ങൾക്കുണ്ടായിരുന്ന അതേ ഉത്സാഹം വീണ്ടും കണ്ടെത്തണം. ആ സമൂഹങ്ങൾ ചെറുതും സംരക്ഷണ മാർഗങ്ങളില്ലാത്തതുമായിരുന്നു. എന്നാലും പ്രഘോഷണത്തിലൂടെയും സാക്ഷ്യത്തിലൂടെയും അറിയപ്പെട്ട ലോകത്ത് എവിടെയും സുവിശേഷം വ്യാപിപ്പിക്കാൻ അവയ്ക്കു കഴിഞ്ഞു. അതുകൊണ്ട്, രണ്ടാം വത്തിക്കാൻ കൗൺസിലും തുടർന്ന് സഭയുടെ പ്രബോധനാധികാരവും മിഷണറി കല്പനയെക്കുറിച്ച് സവിശേഷമാംവിധം ഊന്നിപ്പറഞ്ഞതിൽ അദ്ഭുതപ്പെടാനില്ല. ആ കല്പന ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നല്കിയതാണ്. അത് മുഴുവൻ

ദൈവജനത്തിന്റെയും - മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ, സന്ന്യാസിനീ സന്ന്യാസികൾ, അല്മായർ എന്നിങ്ങനെയുള്ള എല്ലാവരുടെയും - സമർപ്പണമായിരിക്കണം.

ലോകത്തിന്റെ എല്ലാ കോണുകളിലും സുവിശേഷം പ്രഘോഷിക്കാനുള്ള കടമ ഒന്നാമതായി മെത്രാന്മാരുടേതാണ്. ലോകത്തിൽ സുവിശേഷവത്കരണം നടപ്പാക്കാൻ മെത്രാൻ സംഘത്തിന്റെ അംഗങ്ങളെന്ന നിലയിലും പ്രാദേശികസഭകളുടെ അജപാലകരെന്ന നിലയിലും അവർക്കു നേരിട്ടുള്ള ഉത്തരവാദിത്വമുണ്ട്. യഥാർത്ഥത്തിൽ "ഒരു പ്രത്യേക രൂപതയ്ക്കുവേണ്ടി മാത്രമല്ല മുഴുവൻ ലോകത്തിന്റെയും രക്ഷയ്ക്കു വേണ്ടിയാണ് അവർ അഭിഷിക്തരായിരിക്കുന്നത്" (ജോൺപോൾ 2-ാമൻ, ചാക്രികലേഖനം: *രക്ഷകന്റെ മിഷൻ,* നമ്പർ. 63)."അവർ ക്രിസ്തുവിനു പുതിയ ശിഷ്യരെകൊണ്ടുവരുന്ന പ്രഘോഷകരാകണം" (cf *ആദ്ജെന്തെസ്* നമ്പർ 20). "മുഴുവൻ രൂപതയും മിഷണറിയാകാൻ വേണ്ടി ദൈവജനത്തിന്റെ മിഷണറി ചൈതന്യവും തീക്ഷ്ണതയും അവർ ദൃശ്യമാക്കണം" (അവിടെത്തന്നെ നമ്പർ 38).

## സുവിശേഷവത്കരണത്തിനുള്ള മുൻഗണന

അതുകൊണ്ട്, സുവിശേഷം പ്രസംഗിക്കാനുള്ള കല്പനയുടെ അനുസരണം ഒരു അജപാലകനെ സംബന്ധിച്ചിടത്തോളം തന്റെ അജപാലകശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ട ദൈവജനത്തിന്റെ ഒരു ഭാഗത്തെ ശ്രദ്ധിക്കുന്നതുകൊണ്ട് അവസാനിക്കുന്നില്ല. അല്ലെങ്കിൽ വൈദികരെയും അല്മായരെയും വിശ്വാസദാനമായി അയയ്ക്കുന്നതു കൊണ്ടും അവസാനിക്കുന്നില്ല. അത് പ്രാദേശിക സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടായിരിക്കണം. ആ സഭയുടെ എല്ലാ മേഖലകളിലുമുണ്ടായിരിക്കണം. ചുരുക്കത്തിൽ അതിന്റെ മുഴുവൻ അസ്തിത്വത്തിലും പ്രവർത്തനത്തിലും ഉണ്ടായിരിക്കണം.

ഇക്കാര്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി ചൂണ്ടിക്കാണിച്ചു. തുടർന്നുള്ള പ്രബോധനാധികാരം ശക്തിയുക്തം ഉറപ്പിച്ചു പറയുകയും ചെയ്തു. ഇതിന് ജീവിതശൈലികളുടെ സ്ഥിരമായ ക്രമവത്കരണം വേണം. അജപാലകപദ്ധതികളുടെ ക്രോഡീകരണമുണ്ടാകണം. സഭയായിരിക്കുകയെന്ന ഈ മൗലികമാനത്തെ സംബന്ധിച്ച് രൂപതാപരമായ സംഘാടനമുണ്ടായിരിക്കണം. പ്രത്യേകിച്ച്, നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് അതെല്ലാം അത്യാവശ്യമാണ്.

സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലികജീവിതത്തിന്റെ സൊസൈറ്റികൾക്കും സഭാത്മക പ്രസ്ഥാന

ങ്ങൾക്കും ഇതു ബാധകമാണ്. എല്ലായിടത്തും ക്രിസ്തുവിനെ പ്രഘോഷിക്കാൻ സുവിശേഷം പ്രസംഗിക്കാനുള്ള കർത്താവിന്റെ കല്പന തങ്ങളുടെ മുമ്പിൽ ചോദ്യമുണർത്തുന്നതായി സഭയുടെ വലിയ മൊസൈക്കിന്റെ എല്ലാ ഘടകങ്ങൾക്കും സുശക്തമായി തോന്നണം. അജപാലകരായ ഞങ്ങളും സന്ന്യസ്തരായ സ്ത്രീപുരുഷന്മാരും ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും പൗലോസ് ശ്ലീഹയുടെ കാലടികൾ പിന്തുടരണം. അദ്ദേഹം "(വിജാതീയരായ നിങ്ങൾക്കുവേണ്ടി) ക്രിസ്തുവിൽ ബന്ധനസ്ഥനായി" (എഫേ 3:1), വിജാതീയരുടെയിടയിൽ സുവിശേഷം എത്തിക്കാൻവേണ്ടി സഹിക്കുകയും പടപൊരുതുകയും ചെയ്തു (cf കൊളോ 1:24-29). ക്രിസ്തുവിന്റെ സന്ദേശം അറിയിക്കുന്നതിന് സർവ ഊർജവും സമയവും മാർഗങ്ങളും ഉപയോഗിച്ച് അധ്വാനിച്ചു.

ഇന്നും വിജാതീയരെ സംബന്ധിച്ച പ്രേഷിതവേല ഓരോ സഭാത്മകപ്രവർത്തനത്തിന്റെയും സ്ഥിരചക്രവാളവും മാതൃകയുമായിരിക്കണം. എന്തെന്നാൽ നമുക്കു രക്ഷകനാകാൻ വേണ്ടി ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തിന്റെ രഹസ്യത്തിലുള്ള വിശ്വാസംകൊണ്ടും ക്രിസ്തുവിന്റെ വരവുവരെ അവിടുത്തേക്കുസാക്ഷ്യം വഹിക്കാനും അവിടുത്തെ പ്രഘോഷിക്കാനുമുള്ള ദൗത്യംകൊണ്ടുമാണ് സഭയുടെ തനിമ സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ പൗലോസിനെപ്പോലെ അകലെയുള്ളവരെയും ക്രിസ്തുവിനെ അറിയാത്തവരെയും ദൈവികപിതൃത്വം ഇനിയും അനുഭവിച്ചിട്ടില്ലാത്തവരെയും ശ്രദ്ധിക്കുന്നവരായിരിക്കണം നമ്മൾ. മിഷണറി സഹകരണം സുവിശേഷവത്കരണത്തിനുള്ള പുതിയ രൂപങ്ങൾ ഉൾക്കൊള്ളുന്നുണ്ട് - സാമ്പത്തിക സഹായം മാത്രമല്ല നേരിട്ടുള്ള പങ്കുചേരലും ഉൾക്കൊള്ളുന്നുണ്ട് (ജോൺ പോൾ 2-ാമൻ, ചാക്രികലേഖനം, *രക്ഷകന്റെ മിഷൻ,* നമ്പർ 82) എന്ന ബോധ്യത്തോടെ അങ്ങനെ ചെയ്യണം.

വിശ്വാസവർഷത്തിന്റെ ആചരണവും നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡും ഈ മിഷണറി സഹകരണം, പ്രത്യേകിച്ച് ഈ രണ്ടാം മാനം, തുടങ്ങാൻ അനുകൂലമായ അവസരങ്ങൾ നല്കും.

### വിശ്വാസവും പ്രഘോഷണവും

ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ഉത്സാഹം ചരിത്രം വായിക്കാനും നമ്മെ നിർബന്ധിക്കുന്നു. ക്രിസ്തു തന്റെ സാന്നിധ്യംകൊണ്ട് സുഖപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും

പൂരിപ്പിക്കുകയും ചെയ്യേണ്ട മനുഷ്യവംശത്തിന്റെ പ്രശ്നങ്ങളും അഭിലാഷങ്ങളും പ്രത്യാശകളും കണ്ടെത്തുന്നതിനാണത്. ക്രിസ്തുവിന്റെ സന്ദേശം എന്നും കാലോചിതമാണ്. അതിന് ചരിത്രത്തിന്റെ കേന്ദ്രത്തിലേക്കു പ്രവേശിക്കാൻ കഴിയും. ഓരോ മനുഷ്യന്റെയും അത്യഗാധമായ അസ്വസ്ഥതയോടു പ്രത്യുത്തരിക്കാനും കഴിയും. തന്മൂലം സഭയുടെ എല്ലാ അംഗങ്ങളും ഒരു വസ്തുത അറിഞ്ഞിരിക്കണം. "സഭയുടെ മിഷന്റെ അളവറ്റ ചക്രവാളങ്ങളും ഇന്നത്തെ സാഹചര്യത്തിന്റെ സങ്കീർണതയും ദൈവവചനം കാര്യക്ഷമമായി പകർന്നു നല്കുന്നതിന് പുതിയ മാർഗങ്ങൾ ആവശ്യകമാണെന്നതാണ്" ആ വസ്തുത (ബനഡിക്ട് 16-ാമൻ, സിനഡനന്തര അപ്പസ്തോലികാഹ്വാനം, *വെർബും ദോമിനി*, നമ്പർ97). ഇത് ഒന്നാമതായി ആവശ്യപ്പെടുന്നത് യേശുക്രിസ്തുവിലുള്ള വൈയക്തികവും സമൂഹപരവുമായ നവീകൃതമായ ഒട്ടിച്ചേരലാണ്. "പ്രത്യേകിച്ച്, ഇന്നു മനുഷ്യവംശം അനുഭവിച്ചുകൊണ്ടിരിക്കുന്ന തരത്തിലുള്ള അഗാധമായ പരിവർത്തനത്തിന്റെ കാലത്ത്" (അതേ അപ്പസ്തോലിക ലേഖനം നമ്പർ 8) അത് ആവശ്യമാണ്.

സുവിശേഷവത്കരണത്തിനുള്ള പ്രചോദനം നേരിടുന്ന ഒരു തടസ്സം യഥാർത്ഥത്തിൽ വിശ്വാസപരമായ വിഷമ സന്ധിയാണ്. പാശ്ചാത്യലോകത്തു മാത്രമല്ല മനുഷ്യവംശത്തിൽ മിക്കയിടത്തും അതുണ്ട്. മനുഷ്യവംശം ദൈവത്തിനായി ദാഹിക്കുകയും വിശക്കുകയും ചെയ്യുന്നു. അതിനെ നിത്യജീവന്റെ അപ്പത്തിലേക്കും സജീവ ജലത്തിലേക്കും ക്ഷണിച്ചുകൊണ്ടുവരണം. യാക്കോബിന്റെ കിണറ്റിനടുത്തേക്കുപോവുകയും ക്രിസ്തുവുമായി സംസാരിക്കുകയും ചെയ്ത സമരിയാക്കാരിയെയെന്നപോലെതന്നെ. യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നതുപോലെ ഈ സ്ത്രീയുടെ കഥ പ്രത്യേകം അർത്ഥപൂർണമാണ് (cf യോഹ 4:1-30). അവൾ തന്നോടു കുടിക്കാൻ ജലം ചോദിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. യേശു പിന്നീട് അവളോട് പുതിയ ജലത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നേക്കും ദാഹം ശമിപ്പിക്കാൻ കഴിയുന്ന ജലത്തെപ്പറ്റിയാണ് അവിടുന്നു പറഞ്ഞത്, ആദ്യം അവൾക്ക് അതു മനസ്സിലായില്ല. അവൾ ഭൗതികതലത്തിൽ നിലകൊള്ളുന്നു. എന്നാൽ കർത്താവ് അവളെ ക്രമേണ വിശ്വാസയാത്ര നടത്താൻ പ്രേരിപ്പിക്കുന്നു. യേശു മിശിഹാ ആണെന്ന് അംഗീകരിക്കാൻ ആ യാത്ര അവളെ പ്രേരിപ്പിച്ചു. വിശുദ്ധ ആഗസ്തീനോസ് ഇതിനെപ്പറ്റി ഇങ്ങനെ പറയുന്നു: "കർത്താവായ ക്രിസ്തുവിനെ തന്റെ ഹൃദയത്തിലേക്കു സ്വാഗതം ചെയ്തുകഴിഞ്ഞിട്ട്

തന്റെ കുടം ഉപേക്ഷിച്ച് ഗ്രാമത്തിലേക്കുപോയി സദ്വാർത്ത അറിയിക്കുകയെന്നതല്ലാതെ മറ്റെന്താണ് അവൾക്കു ചെയ്യാനാവുന്നത്?" (cf ഹോമിലി 15,30).

ഹൃദയദാഹം ശമിപ്പിക്കുന്ന സജീവവ്യക്തിയെന്ന നിലയിലുള്ള ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ ആ സാന്നിധ്യത്തിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ആഗ്രഹത്തിലേക്കു നയിക്കാതിരിക്കുകയില്ല. അവിടത്തെ അറിയിക്കാനുള്ള ആഗ്രഹത്തിലേക്കും നയിക്കാതിരിക്കുകയില്ല. എല്ലാവരും ഈ സന്തോഷം അനുഭവിക്കുന്നതിനാണത്. ദീർഘകാലം ക്രൈസ്തവ പാരമ്പര്യമുള്ളവരും ഇന്നു ദൈവവുമായുള്ള ബന്ധം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നവരുമായ സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും നവസുവിശേഷവത്കരണം വളർത്തുന്നതിന് വിശ്വാസം കൈമാറാനുള്ള ആവേശം പുതുക്കുക അത്യാവശ്യമാണ്. അവർ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്തുന്നതിനാണത്.

സുവിശേഷവത്കരിക്കാനുള്ള താത്പര്യം സഭാത്മകപ്രവർത്തനത്തിന്റെയും ക്രൈസ്തവരുടെ വൈയക്തിക ജീവിതത്തിന്റെയും പുറംപോക്കുകളിൽ ഒരിക്കലും നിലകൊള്ളരുത്. പിന്നെയോ ആ താത്പര്യം അവയുടെ സുശക്തമായ സവിശേഷതയായി നിലകൊള്ളണം. അവർക്കുവേണ്ടിയാണു സുവിശേഷം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയണം. അതേസമയം അവർ സുവിശേഷത്തിന്റെ മിഷണറിമാരാണെന്ന ബോധവും ഉണ്ടാകണം.

സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രം എന്നും ഒന്നുതന്നെയാണ്: ലോകരക്ഷയ്ക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള കെരിഗ്മ. ഓരോ സ്ത്രീയോടും പുരുഷനോടുമുള്ള ദൈവത്തിന്റെ കേവലവും സമ്പൂർണവുമായ സ്നേഹത്തെ സംബന്ധിച്ച കെരിഗ്മ. ആ സ്നേഹം നിത്യനായ തന്റെ ഏകജാതനെ, കർത്താവായ ക്രിസ്തുവിനെ അയയ്ക്കുന്നതിൽ പരമകോടിയിലെത്തി. യേശുക്രിസ്തു ആകട്ടെ നമ്മുടെ മനുഷ്യപ്രകൃതിയുടെ ദാരിദ്ര്യം ഏറ്റെടുക്കുന്നതിൽ വെറുപ്പു കാണിച്ചില്ല. അതിനെ സ്നേഹിക്കുകയും കുരിശിൽ സ്വയം സമർപ്പിച്ചുകൊണ്ട് അതിനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു.

ക്രിസ്തുവിൽ സംഭവിപ്പിച്ച ഈ സ്നേഹപദ്ധതിയിൽ ദൈവത്തിലുള്ള വിശ്വാസം ഒന്നാമത്തെ ദാനവും രഹസ്യവുമാണ്. അത് ഹൃദയത്തിലേക്കും ജീവിതത്തിലേക്കും സ്വാഗതം ചെയ്യപ്പെടണം. ആ

ദാനത്തെപ്രതി കർത്താവിനോട് എപ്പോഴും നന്ദി പറയുകയും വേണം. പങ്കുവയ്ക്കാൻവേണ്ടി നല്കപ്പെട്ട ദാനമാണ് വിശ്വാസം. ഫലം പുറപ്പെടുത്താൻ വേണ്ടി സ്വീകരിച്ച താലന്താണത്. ഒരിക്കലും മറച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു ദീപമാണത്. വീടു മുഴുവനും പ്രകാശിപ്പിക്കാനുള്ള ദീപമാണത്. നമ്മുടെ ജീവിതത്തിൽ നല്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ദാനമാണു വിശ്വാസം. അതു നമ്മുടേതു മാത്രമാക്കി വയ്ക്കാൻ പാടില്ല.

**പ്രഘോഷണം പരസ്നേഹമായി മാറുന്നു**

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ഹാ കഷ്ടം" എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞു (1 കോറി 9:16). എല്ലാ ഭൂഖണ്ഡങ്ങളിലെയും ക്രൈസ്തവനെയും ക്രൈസ്തവ സമൂഹത്തെയും സംബന്ധിച്ച് ഈ വാക്ക് വളരെ അർത്ഥവത്താണ്. പ്രേഷിതത്വത്തെക്കുറിച്ചുള്ള ബോധം മിഷൻപ്രദേശങ്ങളിലെ സഭകളുടെ പ്രകൃതിപരമായ ഒരു മാനമായിട്ടുണ്ട്. ആ സഭകളിൽ മിക്കതും ചെറുപ്പമാണ്. ഇന്നും അവർക്ക് മിഷണറിമാരെ ആവശ്യമുണ്ട്. അനേകം വൈദികരും സന്ന്യസ്തരുമായ സ്ത്രീപുരുഷന്മാരും അസംഖ്യം അല്മായരും കുടുംബങ്ങളും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും മറ്റുസ്ഥലങ്ങളിലേക്കു സാക്ഷ്യം വഹിക്കാനും ക്രിസ്തുനാമം പ്രഘോഷിക്കാനും പോകുന്നുണ്ട്. ആ നാമത്തിൽ മനുഷ്യവംശം രക്ഷ കണ്ടെത്തുന്നു. അതു പല സ്ഥലത്തുമുള്ള സഭാസമൂഹങ്ങളുമായുള്ള അഗാധമായ സംസർഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും പ്രകടനമാണ്. അതുവഴി ഓരോ വ്യക്തിയും രക്ഷാകരപ്രഘോഷണം വീണ്ടും കേൾക്കുകയും യഥാർത്ഥ ജീവിതത്തിന്റെ ഉറവിടമായ കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നു.

സ്നേഹമാക്കി മാറ്റപ്പെട്ട വിശ്വാസത്തിന്റെ ഈ മഹോന്നത അടയാളത്തോടൊപ്പം പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെ ഞാൻ ഓർമ്മിക്കുകയും അവയ്ക്കു നന്ദിപറയുകയും ചെയ്യുന്നു. ലോകത്തെങ്ങും സഭയുടെ സാർവത്രിക മിഷന്റെ സഹകരണത്തിനുള്ള ഉപകരണങ്ങളാണവ. അവയുടെ പ്രവർത്തനം വഴി സുവിശേഷ പ്രഘോഷണം താഴെപ്പറയുന്ന കാര്യങ്ങൾകൂടി ആയിത്തീരുന്നു: അയൽക്കാരനുവേണ്ടിയുള്ള ഇടപെടൽ, ഏറ്റവും ദരിദ്രരായവർക്ക് നീതി, ഉൾഗ്രാമങ്ങളിൽ വിദ്യാഭ്യാസ സാധ്യത, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചികിത്സാസഹായം, ദാരിദ്ര്യത്തിൽ നിന്നുള്ള വിമോചനം, പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം, ജനതകളുടെ വികസനത്തിനു സഹായം, വംശവിവേചനത്തെ കീഴടക്കൽ, ജീവനോട് എല്ലാ അവസ്ഥകളിലും കാണിക്കുന്ന ആദരം.

പ്രിയ സഹോദരീസഹോദരന്മാരേ, വിജാതീയർക്കായുള്ള പ്രേഷിതപ്രവർത്തനത്തിൻമേലും, പ്രത്യേകിച്ച് അതിന്റെ പ്രവർത്തകരുടെമേലും പരിശുദ്ധാത്മാവിന്റെ പ്രവാഹമുണ്ടാകാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ലോകചരിത്രത്തിൽ അത് സ്ഥിരതയോടെ പുരോഗമിക്കാനുള്ള ദൈവാനുഗ്രഹമുണ്ടാകാൻ വേണ്ടിത്തന്നെ. വാഴ്ത്തപ്പെട്ട ഹെൻട്രി ന്യൂമാനോടൊപ്പം ഇങ്ങനെ പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "ഓ, കർത്താവേ, സുവിശേഷവത്കരിക്കപ്പെടേണ്ട പ്രദേശങ്ങളിൽ അങ്ങുന്ന് അങ്ങയുടെ പ്രേഷിതരോടൊപ്പം സഞ്ചരിക്കണമേ. അവരുടെ അധരങ്ങളിൽ ശരിയായ വാക്കുകൾ നിക്ഷേപിക്കണമേ. അവരുടെ അധ്വാനം ഫലപൂർണമാക്കണമേ". സഭയുടെ അമ്മയും സുവിശേഷവത്കരണത്തിന്റെ നക്ഷത്രവുമായ കന്യകാമറിയം സുവിശേഷപ്രേഷിതരോടുകൂടെ ഉണ്ടായിരിക്കട്ടെ.

വത്തിക്കാനിൽനിന്ന് 6 ജനുവരി 2012,
കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾ

**ബെനഡിക്ട് 16-ാമൻ മാർപാപ്പാ**

# Approved Marriage Preparation Course Centers

The marriage preparation course conducted by the following centers outside the Syro-Malabar eparchies in India and abroad have been approved by the Commission for Evangelization and Pastoral Care of the Migrants. This is in accordance with the decision of the Synod of Bishops (Cf. Synodal News Vol. 17, p. 68). They are conducting the course as per the approved syllabus given by the Commission for Evangelization and Pastoral Care of the Migrants, which is an appropriated version of the Syllabus prepared by the KCBC Family Commission. The course is being conducted for three full days or its equivalent time, according to the convenience of the participants and the course center.

| Outside India | Within India |
|---|---|
| **1.Austria**<br>Rev. Dr Thomas Thandappilly CST<br>Pfarre Maria Lourdes, A-1120<br>Vienna, Tivoligasse 20<br>Tel. 817 42 06 (0699 1 19 66 771)<br>E-mail: thandappilly@aon.at<br>**2. United Kingdom**<br>Rev. Fr. Thomas Parayadyil MST<br>Co-ordinator<br>Our Lady of Lourdes<br>373 Bowes Road<br>London N11 1AA. U.K.<br>fr.coordinator@syromalabarchurchuk.org<br>**3. Saudi-Arabia**<br>**1. Dammam, Kobar, Jubail**<br>Fr. Andrews Maliekal<br>**2. Riyad**: Fr. Sebastian Chamackala<br>**3. Jeddah:** Fr. George Manthuruthil<br>**4. Australia**<br>Fr. Francis Kolencherry<br>National Coordinator<br>55 Franklin St Forrest, ACT, 2603,<br>Australia, Ph:61408267777,<br>E-mail: smncoordinatora@gmail.com | **5. Ahmedabad**<br>Rev. Fr. Kuriachan Paul<br>Episcopal Vicar for the<br>Syro-Malabar Catholics<br>Diocese of Ahmedabad<br>Bishop's House, Mirzapur<br>Ahmedabad 380 001<br>Cell: 09327004196<br>**6. Chennai**<br>Rev. Dr Jose Palatty<br>St Thomas Pastoral Centre<br>16, Ayanavaram Road,<br>Chennai-600 023<br>Tel. 044- 26443803<br>E-mail: stpcchennai@yahoo.com<br>**7. Bangalore:**<br>Fr Mathew Koikara CMI<br>Vicar, St Thomas Forane Church<br>Dharmaram College P.O.<br>Bangalore-560 029<br>Tel No. 080-41116390<br>Email: fatherkoikara@yahoo.com |

**Bishop Sebastian Vadakel**
Chairman
Commission for Evangelization and Pastoral Care of the Migrants

# രൂപതാകച്ചേരി വാർത്തകൾ

ഒക്ടോബർ മാസം 21-ാം തീയതി മിഷൻ ഞായറായി ആഘോഷിക്കുകയാണല്ലോ. പ്രേഷിതവർഷാചരണത്തിന്റെ മുഴുവൻ ചൈതന്യങ്ങളും ഒന്നുകൂടി അനുസ്മരിക്കാനും നവീകരിക്കാനുമുള്ള അവസരമായിത്തീരട്ടെ ഈ മിഷൻ ഞായർ. കൂടാതെ വിശ്വാസവർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു കഴിഞ്ഞ് വരുന്ന ആദ്യത്തെ ആഘോഷദിനവുമാണല്ലോ. വിശ്വസിക്കുന്നതിലുള്ള സന്തോഷം വർദ്ധിപ്പിക്കുവാനും, വിശ്വാസം കൈമാറുന്നതിനുള്ള ആവേശം വളർത്തുവാനും ഈ മിഷൻ ഞായർ ആഘോഷം ഉപകരിക്കട്ടെ. മിഷൻരംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും അനുസ്മരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച തുക കഴിവതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

### സ്നേഹാനുസ്മരണം

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുംമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം. ഈ രണ്ടു ദിവസങ്ങളിലും സിയോൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി. ബലിയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

### അഭിനന്ദനങ്ങൾ

അധ്യാപക രംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവെച്ച് ദേശീയ അധ്യാപക അവാർഡ് കരസ്ഥമാക്കി രൂപതയുടെ

അഭിമാനമായിത്തീർന്ന ബത്തേരി ഇടവകാംഗമായ ശ്രീ. കുര്യാക്കോസ് ആന്റണിക്കും (എച്ച്.എം. പൂമല ജി.എൽ.പി. സ്കൂൾ), സംസ്ഥാന അദ്ധ്യാപക അവാർഡ് കരസ്ഥമാക്കിയ ബത്തേരി ഇടവകാംഗമായ ശ്രീ.ജേക്കബ് എം.ഐ.ക്കും (എച്ച്.എം. ദേവമാതാ ഏ.എൽ.പി. ആടിക്കൊല്ലി), കൽപ്പറ്റ ഇടവകാംഗമായ ശ്രീമതി അച്ചാമ്മ ജോർജിനും (എച്ച്.എം. കണിയാമ്പറ്റ ഹൈസ്കൂൾ) രൂപതയുടെ മുഴുവൻ പേരിലും അഭിനന്ദനങ്ങൾ.

**ആശംസകൾ**

റോമിലെ റെജീന അപ്പസ്തോലോരും യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്ര ബിരുദവും ബയോ എത്തിക്സിൽ ലൈസൻഷ്യേറ്റും വളരെ വിജയകരമായി പൂർത്തിയാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന ഡീക്കൻ മനോജ് കവലക്കാടന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. തിരുപ്പട്ട സ്വീകരണത്തിന് അടുത്ത ഒരുക്കമായി ഒരു മാസത്തെ പാസ്റ്ററൽ കോഴ്സിനായി വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലേക്ക് പോകുന്ന ഡീക്കന് എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

## Transfer & Appointments

| | | |
|---|---|---|
| Rev. Fr. Chandy Punakkatt | - | Vicar, St. Xavier's Church, Kuttimoola<br>(Add.Charge -W.e.f. 23-9-2012) |
| Rev.Fr. Joseph Nedumkallel | - | Vicar, St. Mary's Church, Panavally<br>Director, Jayamatha Ashram &<br>St.Peter's Children's Home<br>Kartikulam (W.e.f. 23-9-2012) |
| Rev. Fr. Joseph Karukapally | - | Director KLM<br>(Add.Charge -W.e.f. 17-9-2012) |
| Rev. Fr. Sony Vadayaparambil | - | Diocesan Director, Pontifical<br>Mission Societies<br>(Add.Charge -W.e.f. 17-9-2012) |
| Rev. Fr. Mathew Periyappuram | - | Pastoral Care for Syro-Malabar<br>Faithful at Toronto, Canada |
| Rev. Fr. Abraham Nellickal | - | Sabbattical Year (Germany) |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ

8-9-2012 ശനിയാഴ്ച ദ്വാരകയിൽ ചേർന്ന രൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ ജോസ് പിതാവ് അദ്ധ്യക്ഷത വഹിച്ചു. കാലാവധി അവസാനിക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം രൂപതയ്ക്ക് നൽകിയ സഹകരണത്തിനും നേതൃത്വത്തിനും പിതാവ് നന്ദിയും അഭിനന്ദനങ്ങളും നേർന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങളും പ്രത്യേകതകളും മനസ്സിലാക്കി അൽമായർ കൂടുതൽ രംഗങ്ങളിലേയ്ക്ക് സ്വയം കടന്നു ചെന്ന് മുന്നേറാൻ തയ്യാറാകണമെന്ന് പിതാവ് ആഹ്വാനം ചെയ്തു. പരിസ്ഥിതി സംരക്ഷണവും, ഒപ്പം മനുഷ്യവാസത്തിനും കാർഷിക മേഖലയ്ക്കും ഭീഷണിയാകാവുന്ന സാഹചര്യങ്ങളും നിയമനിർമ്മാണ സാധ്യതകളും വളരെ ഗൗരവമായി പഠിച്ച് പ്രതികരിക്കാൻ നാം തയ്യാറാകണമെന്ന് നിർദ്ദേശിച്ച പിതാവ് വിശ്വാസവർഷം ഫലപ്രദമായി ആചരിക്കാനാവശ്യമായ നിരവധി ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് അദ്ധ്യക്ഷ പ്രസംഗം അവസാനിപ്പിച്ചത്. തിരുഹൃദയസഭ മാനന്തവാടി പ്രൊവിൻഷ്യൽ സിസ്റ്റർ ജോൺമേരി എസ്.എച്ച്. നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം പറഞ്ഞു. കൗൺസിൽ അംഗങ്ങളുടെ കടമകളും അവകാശങ്ങളും പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശസ്വഭാവവും വ്യക്തമാക്കിയ സ്വാഗതപ്രസംഗത്തിൽ തുടർന്നും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ച ജനറാളച്ചൻ മാനന്തവാടി രൂപതയിൽ വിശ്വാസവർഷം വളരെ വിജയപ്രദമായി ആചരിക്കുന്നതിനാവശ്യമായ സഹകരണം അഭ്യർത്ഥിച്ചു. തുടർന്ന് മതബോധന രൂപതാ ഡയറക്ടർ ബെന്നി മുതിരക്കാലായിലച്ചൻ 2012 ഒക്ടോബർ മുതൽ ഒരു വർഷം നീണ്ടു നിൽക്കുന്ന വിശ്വാസവർഷാചരണ മാർഗ്ഗരേഖ അവതരിപ്പിച്ച് ക്ലാസ് എടുത്തു. രൂപത, ഇടവക, കുടുംബതലങ്ങളിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളുടെ വിശദമായ വിശകലനം നൽകിയ ക്ലാസിനുശേഷം അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. വിവിധ സെറ്റുകളിലേക്കും സഭാവിരുദ്ധ നിലപാടുകളിലേയ്ക്കും നീങ്ങിയ സഭാമക്കളെ സത്യവിശ്വാസത്തിലേയ്ക്കും സഭാ പ്രവർത്തനങ്ങളിലേയ്ക്കും തിരിച്ചു കൊണ്ടുവരുവാൻ ശക്തമായ നടപടികളുണ്ടാകണമെന്നും അംഗങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചു. കൗൺസിൽ സെക്രട്ടറി തോമസ് ഏറണാട്ട് നന്ദി രേഖപ്പെടുത്തി. യോഗം 1.30 ന് പരിയവസാനിച്ചു.

**തോമസ് ഏറണാട്ട്,** സെക്രട്ടറി പാസ്റ്ററൽ കൗൺസിൽ

# "റോസാപ്പൂക്കളുടെ കിരീടം"

എന്തിനാണ് ജപമാല ചൊല്ലുന്നത്? ഇത് ആവർത്തന വിരസത ജനിപ്പിക്കുന്നില്ലേ? ഈശോയേക്കാളുമുപരി പരി. അമ്മക്ക് പ്രാധാന്യം കൊടുക്കുന്നുണ്ടോ? ജപമാല പ്രാർത്ഥനയ്ക്ക് ബൈബളിൽ അടിസ്ഥാന മുണ്ടോ? ഇത് നിത്യരക്ഷയ്ക്കും പുണ്യപൂർണ്ണതയ്ക്കും ആവശ്യ മുണ്ടോ? ജപമാലയുടെ ആരംഭം എങ്ങനെയാണ്? ഈ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഒരു സാധാരണ വിശ്വാസിയുടെ മനസ്സിനെ ചിലപ്പോ ഴൊക്കെ ആശങ്കയിലാഴ്ത്താറുണ്ട്.

**ജപമാലയുടെ ആരംഭം**

പ്രാർത്ഥനകൾ എണ്ണാനുള്ള മണികൾക്കൊണ്ടുള്ള മാലയാണ് ജപമാല എന്ന് വിളിക്കപ്പെടുന്നത്. ക്രൈസ്തവ ജപമാലപ്രാർത്ഥനയ്ക്ക് ആംഗ്ലേയ ഭാഷയിൽ *റോസറി* എന്നാണ് പറയുന്നത്. "റോസാ പ്പൂക്കളുടെ കിരീടം" എന്നാണ് റോസറി എന്ന വാക്കിന്റെ അർത്ഥം. ജപമാല പ്രാർത്ഥനയിലൂടെ ഈശോയ്ക്കും പരി. അമ്മയ്ക്കും റോസാ പ്പൂക്കളുടെ കിരീടം നിർമ്മിക്കുകയാണ് നമ്മൾ ചെയ്യുന്നത്. ഇന്നത്തെ രീതിയിൽ ജപമാല പ്രാർത്ഥന രൂപപ്പെട്ടത് അനേക വർഷങ്ങൾക്കൊ ണ്ടാണ്. ദൈവത്തിന്റെ കോപം ശമിപ്പിക്കാനും പരി. അമ്മയുടെ മദ്ധ്യസ്ഥം യാചിക്കാനും വി. ഡൊമിനിക്ക് റോസറി സ്ഥാപിച്ചുവെന്ന് ഗ്രിഗറി പതിമൂന്നാമൻ മാർപ്പാപ്പ പ്രസ്താവിച്ചിട്ടുണ്ട് (1573. Monet Apostolus). പന്ത്രണ്ടാം നൂറ്റാണ്ടിൽ, പരി. അമ്മ വി. ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ലോകത്തെ നവീകരിക്കുവാനായി പഠിപ്പിച്ച പ്രാർത്ഥനയാണ് ജപമാല പ്രാർത്ഥന. പിന്നീട് വാഴ്ത്തപ്പെട്ട അലന്റെ (1349) ശ്രമഫലമായി ജപമാലഭക്തി കൂടുതൽ പ്രചരിപ്പിക്ക പ്പെടുകയും ചെയ്തു. പയസ്സ് അഞ്ചാമൻ മാർപ്പാപ്പ 1571 ൽ ഒക്ടോ. 7 പരി. ജപമാല രാജ്ഞിയുടെ തിരുനാളായി പ്രഖ്യാപിക്കുകയും ഒക്ടോ ബർ മാസം ജപമാലമാസമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതു വരെ ഏതാണ്ട് ജപമാലയെക്കുറിച്ച് പത്ത് ചാക്രികലേഖനങ്ങളും രണ്ട് അപ്പസ്തോലികപ്രബോധനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ജപമാല പ്രാർത്ഥനയുടെ ആത്മാവ് സുവിശേഷം തന്നെയാണ്.

"കണ്ടാലും ഇന്നു മുതൽ എല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്ന് വിളിക്കും" (ലൂക്ക. 1:48) എന്ന തിരുവചന വാക്യം ജപമാലപ്രാർ

ത്ഥനയിലൂടെ ഫലമണിയുന്നു. വിശ്വാസപ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവെ, നന്മ നിറഞ്ഞ മറിയം, ത്രിത്വസ്തുതി, ഓ എന്റെ ഈശോയെ ഒപ്പം നാല് രഹസ്യങ്ങളും ഉൾക്കൊള്ളുന്നതാണ് ജപമാല പ്രാർത്ഥന.

**വിശ്വാസപ്രമാണം:-** വിശ്വാസപ്രമാണം ചൊല്ലുന്നതുവഴി ദൈവത്തിലുള്ള വിശ്വാസവും ആശ്രയബോധവും ഏറ്റുപറഞ്ഞുകൊണ്ട് രക്ഷാകരസത്യങ്ങൾ പ്രഘോഷിക്കുന്നു. ദൈവം തന്റെ മക്കളിൽ നിന്ന് ആഗ്രഹിക്കുന്ന ഏറ്റവും വലിയ കാര്യം ദൈവത്തെ വിശ്വസിക്കുക എന്നതാണ്. മറിയം ഭാഗ്യവതി ആയത് കർത്താവ് അരുളിചെയ്ത കാര്യങ്ങൾ വിശ്വസിച്ചതുകൊണ്ടാണ് (ലൂക്ക. 1:45). ഈശോ തന്റെ ശിഷ്യരോടും ജനത്തോടും ആവശ്യപ്പെടുന്നതും മറ്റൊന്നുമല്ല, വിശ്വാസം. വിശ്വാസത്തിന് വിപരീതം ഭയമാണ്. ഭയപ്പെടേണ്ട എന്ന ക്രിസ്തുവിന്റെ തുടർച്ചയായ ഓർമ്മപ്പെടുത്തലുകൾ വിശ്വാസത്തിലേയ്ക്കുള്ള ക്ഷണമാണെന്നതിൽ യാതൊരു സന്ദേഹവുമില്ല. വിശ്വാസപ്രമാണം ചൊല്ലുക വഴി സുവിശേഷം മുഴുവൻ ഏറ്റുപറയുകയും പ്രഘോഷിക്കുകയും ചെയ്യുന്നു. വിശുദ്ധാത്മാക്കൾ അവരുടെ ജീവിതകാലത്തും പ്രത്യേകിച്ച് മരണകിടക്കയിലായിരുന്നപ്പോഴും പ്രലോഭനങ്ങളെ നേരിട്ടതും തിന്മയുടെ മേൽ വിജയം വരിച്ചതും വിശ്വാസപ്രമാണം ഉറക്കെ ചൊല്ലിക്കൊണ്ടായിരുന്നു. ചിലർ വിശ്വാസപ്രമാണം എഴുതിയ കടലാസ് നെഞ്ചിൽ വച്ച് കിടന്നുറങ്ങി. രക്തസാക്ഷികളും വിശുദ്ധരുമെല്ലാം തന്നെ വിശ്വാസം പ്രഘോഷിച്ചുകൊണ്ടാണ് മരണത്തെ വരിച്ചത്.

**സ്വർഗ്ഗസ്ഥനായ പിതാവേ:-** സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന (മത്താ. 6-9) വിശുദ്ധരുടേയൊ മനുഷ്യരുടേയൊ പ്രാർത്ഥനയല്ല, അത് നമ്മുടെ കർത്താവായ യേശു പഠിപ്പിച്ച പ്രാർത്ഥനയാണ്. പിതാവായ ദൈവത്തിന്റെ ആഗ്രഹവുമാണ് ആ പ്രാർത്ഥന. പ്രാർത്ഥനകളുടെ പ്രാർത്ഥനയാണിത്. പിതാവിന്റെ ഇഷ്ടവും മക്കളുടെ ആവശ്യവുമുള്ള പ്രാർത്ഥനയാണിത്. പിതാവിനെ വെളിപ്പെടുത്തിയ, പിതാവുമായി ഗാഢബന്ധം പുലർത്തിയ, ദൈവത്തോടുകൂടിയായിരുന്ന ഏകജാതനായ യേശുവിന്റെ പ്രാർത്ഥനയേക്കാളും ശ്രേഷ്ഠമായി മറ്റൊരു പ്രാർത്ഥനയും ഭൂമിയിലില്ല. സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കാൻ വണ്ണം ശ്രേഷ്ഠമാണ് ഈശോ പഠിപ്പിച്ച പ്രാർത്ഥന. അതുകൊണ്ടാണ് കർത്തൃപ്രാർത്ഥന ഏറ്റവും പൂർണ്ണമായ പ്രാർത്ഥനയാണെന്ന് വി.തോമസ് അകിീനാസും, അത് മുഴുവൻ സുവിശേഷത്തിന്റെയും സംഗ്രഹമാണെന്ന് തെർത്തുല്യനും രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥന നാം ചൊല്ലുമ്പോൾ പിതാവ്

പുത്രനെ ശ്രവിക്കുന്നതുപോലെ അവിടുന്ന് നമ്മേയും ശ്രവിക്കും (കാർത്തേജിലെ വി. സിപ്രിയൻ). കാരണം തന്റെ ഏകജാതന്റെ വാക്കുകൾ അവഗണിക്കുവാൻ പിതാവിന് സാധ്യമല്ലല്ലോ.

**നന്മ നിറഞ്ഞ മറിയമേ:-** ഈ പ്രാർത്ഥനയ്ക്ക് മൂന്ന് ഭാഗങ്ങളുണ്ട്. ഒന്നാമത്തെ ഭാഗം സ്വർഗ്ഗത്തിൽ നിന്നുള്ളതാണ്. രണ്ടാമത്തേത് എലിസബത്ത് പുണ്യവതിയുടെ അഭിവാദനം. മൂന്നമത്തേത് പിന്നീട് കൂട്ടിചേർക്കപ്പെട്ടു. നന്മനിറഞ്ഞ മറിയമെ സ്വസ്തി കർത്താവ് നിന്നോട് കൂടെ (ലൂക്ക.1:28) എന്നത് പരി.ത്രിത്വം ഗബ്രിയേൽ മാലാഖയിലൂടെ നമുക്ക് വെളുപ്പെടുത്തി തന്നതാണ്. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു, നിന്റെ ഉദരഫലവും അനുഗ്രഹീതമാകുന്നു (ലൂക്ക.1:42) എന്നത് എലിസബത്ത് പുണ്യവതിയുടെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പ്രഘോഷണവും. നന്മനിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയുടെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. ആയതിനാൽ മനുഷ്യവംശത്തെ രക്ഷിച്ചതിന് പരി. അമ്മയോട് ചേർന്ന് യേശുവിനെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഉദരത്തിൻ ഫലമായ *ഈശോ* എന്നത് ഉറുബൻ നാലാമൻ മാർപ്പാപ്പ പിന്നീട് കൂട്ടിച്ചേർത്തു.

*പരി. മറിയമേ തമ്പുരാന്റെ അമ്മേ* (ലൂക്ക.1:43; എഫേസൂസ് സാർവ്വത്രിക സൂനഹദോസ് 431 ൽ മറിയത്തെ തമ്പുരാന്റെ അമ്മ എന്ന് വിളിച്ചു). *പാപികളായ ഞങ്ങൾക്കുവേണ്ടി* എന്നത് വി. എലിസബത്തിന്റെ ആവിഷ്ക്കാരമാണെന്ന് വിശ്വസിക്കുന്നു. *ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും* എന്നത് പീയൂസ് അഞ്ചാമനും *ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ*യെന്നത് കൂട്ടിച്ചേർത്തത് *പതിനെട്ടാം* നൂറ്റാണ്ടിലെ ഡൊമിനിക്കൻ വൈദികനായ പീറ്റർ നിഗ്രിയുമാണ്.

മറിയത്തോട് പ്രാർത്ഥിക്കാൻ കാരണം ക്രിസ്തുവുമായി അഭേദ്യമാംവിധം പരി. കന്യകാമറിയം ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ഭൂമിയിലെ ഒരു വ്യക്തിയിൽ പൂർത്തീകരിക്കപ്പെടുന്നുണ്ടെങ്കിൽ അത് പരി. കന്യകാമറിയത്തിൽ ആണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ സ്വയം അർപ്പണം ചെയ്ത അമ്മയുടെ സഹായമാണ് ജപമാലയിൽ നാം *പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ*യെന്ന് പ്രാർത്ഥിക്കുന്നത്.

**ത്രിത്വസ്തുതി:-** ത്രിത്വൈകദൈവത്തിന്റെ രക്ഷണീയ കൃത്യത്തെ അനുസ്മരിച്ചുകൊണ്ട് പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ഇപ്പോഴും എപ്പോഴും സ്തുതിച്ച് ആരാധിക്കുന്നു.

**ഓ എന്റെ ഈശോ:-** ഓ എന്റെ ഈശോ എന്റെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽ നിന്ന് എല്ലാ ആത്മാക്കളേയും രക്ഷിക്കണമേ. വിശിഷ്യ അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കണമേ. ഈ പ്രാർത്ഥന ഒക്ടോ.13 1917ന് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട മാതാവ് ലൂസിയായ്ക്ക് പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥയാണ്.

ജപമാലപ്രാർത്ഥനയിൽ നാല് രഹസ്യങ്ങളുണ്ട്: സന്തോഷം, പ്രകാശം, ദു:ഖം, മഹിമ. ഈ നാല് രഹസ്യങ്ങളുടെയും ആരംഭവും അവസാനവും സുവിശേഷമാണ്, സുവിശേഷത്തിലെ ക്രിസ്തുവാണ്. ആയതിനാൽ തന്നെ ഈ രഹസ്യത്തിലേയ്ക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുവാൻ ധ്യാനമല്ലാതെ മറ്റൊരു സാധനയില്ല. ഓരോ രഹസ്യങ്ങളും ധ്യാനിക്കാമെന്ന് പറയുമ്പോൾ പരി. അമ്മയുടെ കരം പിടിച്ചുകൊണ്ട് യേശുവിലേയ്ക്ക് യേശുവിലൂടെ യേശുവിൽ തന്നെയുള്ള യാത്ര നടത്താൻ ഓരോ വ്യക്തിയും ആരംഭിക്കുന്നു. പരി. അമ്മയാണ് ഈ യാത്രയിൽ നമ്മുടെ വഴികാട്ടിയും മാതൃകയും. അമ്മയെപ്പോലെ ദിവ്യ രഹസ്യങ്ങളുടെ അർത്ഥം ധ്യാനത്തിലൂടെ മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത മറ്റൊരു വ്യക്തി മനുഷ്യവർഗ്ഗത്തിലില്ലെന്ന് തന്നെ പറയാം.

**വി. ഡൊമിനിക്കിന് പരി. അമ്മ വെളിപ്പെടുത്തിക്കൊടുത്ത 15 വാഗ്ദാനങ്ങൾ**

**ദിവസവും ജപമാല ചൊല്ലുന്നവർ താഴെ പറയുന്ന വാഗ്ദാനങ്ങൾക്ക് യോഗ്യരായിരിക്കും.**

1. അത്ഭുതകരമായ വരപ്രസാദ - കൃപകൾ ലഭിക്കും.
2. പ്രത്യേക സംരക്ഷണം.
3. തിന്മയെ നശിപ്പിക്കുവാനും പാപത്തെ ഇല്ലാതാക്കാനും നരകത്തിനെതിരെയുമുള്ള ശക്തമായ ആയുധം.
4. സുകൃതവും നന്മയും അഭ്യസിക്കാൻ സഹായിക്കുന്നു. ഒപ്പം ദൈവ കാരുണ്യത്തിന് യോഗ്യരാക്കിതീർക്കുന്നു.
5. ആത്മാവ് നശിക്കുകയില്ല.
6. തിന്മ കീഴടക്കുകയില്ല.
7. സഭയുടെ കൂദാശകൾ ലഭിക്കാതെ മരിക്കുകയില്ല.
8. ഈ ലോകത്തിലും മരണനേരത്തും ദൈവീകമായ പ്രകാശത്തിന് യോഗ്യരായിരിക്കും.
9. ശുദ്ധീകരണസ്ഥലത്ത് നിന്ന് മോചനം ലഭിക്കും.

10. വിശ്വസ്തരായ മക്കൾക്ക് സ്വർഗ്ഗത്തിൽ ദൈവത്തോട് ഏറ്റവും അടുത്തിരിക്കാനുള്ള ഭാഗ്യം ലഭിക്കും.
11. ജപമാലയിലൂടെ ചോദിക്കുന്നതെല്ലാം ലഭിക്കും.
12. അവരുടെ ആവശ്യങ്ങളിൽ സഹായിക്കും.
13. ജീവിതകാലഘട്ടത്തിലും മരണനേരത്തും സ്വർഗ്ഗീയവൃന്ദം മുഴുവൻ അവരെ സഹായിക്കാനെത്തും.
14. അവരെല്ലാവരും എന്റെ മക്കളും എന്റെ മകന്റെ സഹോദരീ സഹോദരങ്ങളുമായിരിക്കും.
15. അവർ ആത്മാവിന്റെ നിത്യരക്ഷ ഉറപ്പാക്കുന്നു.

**ജപമാലയുടെ ഫലങ്ങൾ**

യേശുവിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് നല്കുന്നു.
ആത്മാവിനെ ശുദ്ധീകരിക്കുകയും പാപകറകൾ കഴുകുകയും ചെയ്യുന്നു.
തിന്മയുടെ മേൽ വിജയം വരിക്കുന്നു.
നന്മ ചെയ്യാൻ ഉത്സാഹം ലഭിക്കുന്നു.
ദൈവസ്നേഹത്താൽ ജ്വലിക്കുന്നു.
കൃപയും അനുഗ്രഹവും നമ്മെ ധന്യരാക്കുന്നു.
ദൈവത്തോടും മനുഷ്യരോടുള്ള കടങ്ങൾ വീട്ടാൻ സഹായിക്കുന്നു.

**ജപമാലയും പൂർണ്ണദണ്ഡവിമോചനവും**

സഭാഭണ്ഡാരത്തിൽ അടങ്ങിയിട്ടുള്ള യേശുക്രിസ്തുവിന്റെയും പരി. കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും പുണ്യയോഗ്യതയാലും പരിഹാര പ്രവർത്തനങ്ങളാലും, ഒരു വ്യക്തിക്ക് പാപംമൂലമുള്ള ശിക്ഷയിൽ നിന്നുള്ള പൂർണ്ണമായ വിടുതലോ ഇളവോ ആണ് പൂർണ്ണദണ്ഡവിമോചനം. ജപമാലയിലൂടെ പൂർണ്ണദണ്ഡ വിമോചനം പ്രാപിക്കാൻ താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം.

കത്തോലിക്കാ ദേവാലയത്തിലോ, കുടുംബത്തിലോ, സന്യാസസമൂഹത്തിലോ, അല്ലെങ്കിൽ ഒരു ഭക്തസംഘടനയിലോ ഒരു രഹസ്യം പൂർണ്ണമായും തുടർച്ചയായും (പരസ്യമായാണെങ്കിൽ ഉച്ചത്തിലും, രഹസ്യമായാണെങ്കിൽ ധ്യാനാത്മകമായും) ചൊല്ലണം. ഇപ്രകാരം ചൊല്ലുമ്പോൾ കുമ്പസാരിച്ച് കുർബാനസ്വീകരിച്ച് മാർപ്പാപ്പയുടെ നിയോഗാർത്ഥം ഒരു പ്രാർത്ഥന നടത്തണം. വരപ്രസാദത്തിലായിരിക്കുകയും പാപത്തോട് താൽപര്യംപോലും ഉപേക്ഷിക്കുകയും ചെയ്യണം. പൂർണ്ണദണ്ഡവിമോചനം ലഭിക്കണമെന്ന പൊതുവായ നിയോഗം ഉണ്ടായിരിക്കണം. (ദണ്ഡവിമോചനം സ്വന്തമാക്കുവാൻ കഴിയുന്നത് അത്

ആഗ്രഹിച്ച് മേൽപറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുന്ന വ്യക്തിക്ക് മാത്ര മായിരിക്കും. ഒപ്പം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കാളുടെ നിയോ ഗാർത്ഥം മേൽപറഞ്ഞ കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അവർക്കും അതിന്റെ ഫലം കിട്ടും.)

**വിശുദ്ധാത്മാക്കൾ ജപമാലയെക്കുറിച്ച്**

പോപ്പ് ഉറുബൻ ആറാമൻ :- ജപമാലപ്രാർത്ഥനയിലൂടെ ക്രിസ്ത്യാനികൾ ഓരോ ദിവസവും പുതിയ അനുഗ്രഹം സ്വന്തമാക്കുന്നു.

പോപ്പ് സിക്സ്റ്റസ് അഞ്ചാമൻ :- ജപമാലയിലൂടെ ദൈവത്തേയും പരി. അമ്മയേയും ബഹുമാനിക്കുവാനും സംഭവിക്കാനിരിക്കുന്ന അപ കടങ്ങളെ ദൂരികരിക്കാനും സഹായിക്കുന്നു.

വാഴ്ത്തപ്പെട്ട അലൻ :- വീഴ്ചവരുത്താതെ ജപമാല ചൊല്ലാൻ സാധിക്കുമെങ്കിൽ അത് ഒരു വ്യക്തിക്ക് നിത്യരക്ഷ ലഭിക്കുമെന്ന ഏറ്റവും വലിയ അടയാളമായിരിക്കും.

വി. പാദ്രെ പിയോ :- ഈ കാലഘട്ടത്തിന്റെ ആയുധമാണ് ജപമാല.

വി. പയസ്സ് അഞ്ചാമൻ :- ജപമാലയിലൂടെ പ്രാർത്ഥനയ്ക്ക് തീക്ഷണതയേറുകയും ആത്മീയജീവിതം കത്തിജ്വലിക്കുകയും പുതിയ വ്യക്തികളായി മാറുകയും ചെയ്യും.

സിയന്നായിലെ വി. ബർനാർഡിന :- മാതാവിനെ നന്മനിറഞ്ഞ വൾ എന്ന് അഭിസംബോധന ചെയ്യുമ്പോൾ തന്നെ മാതാവ് നമ്മോട് പ്രത്യുത്തരിക്കുകയും സംസാരിക്കുകയും ചെയ്യും. കാരണം സ്ത്രീകളിൽ വച്ച് ഏറ്റവും എളിമയുള്ളവളും സുകൃതസമ്പന്നയുമാണ്.

വി. ലൂയീസ് മോണ്ട്ഫോർട്ട് :- നിങ്ങൾ മരണം വരെ വിശ്വസ്ത താപൂർവ്വം ജപമാല ചൊല്ലിയാൽ പാപത്തിന്റെ തോത് പരിഗണിക്കാതെ മഹത്വത്തിന്റെ കിരീടമണിയും.

വി. പയസ്സ് ഒമ്പതാമൻ :- എനിക്ക് ജപമാല ചൊല്ലുന്ന ഒരു സൈന്യത്തെ തരു, ഞാൻ ഈ ലോകം മുഴുവൻ കീഴടക്കാം.

ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ:- ജപമാല കാഴ്ചയില്ലാത്ത വരുടെ പുസ്തകമാണ്. ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത സ്നേഹ ത്തിന്റെ നടനം കാണുകയും അവതരിപ്പിക്കുകയും വിദ്യാസമ്പ ന്നരേക്കാളും ആത്മസൗഖ്യവും ജ്ഞാനവും ലഭിക്കുന്ന സാധാരണ ക്കാരന്റെ പുസ്തകം. റോസറികളുടെ ശക്തി വിവരണങ്ങൾക്ക് അതീ തമാണ്.

നിരീശ്വരതത്വജ്ഞാനിയായ ലുഡ്‌വിംഗ് ഫോയർബാഗ് അദ്ദേഹത്തിന്റെ ‘Essence of Christianity’ എന്ന ഗ്രന്ഥത്തിൽ ക്രൈസ്തവ വിശ്വാസത്തെപ്പറ്റി പരാമർശിച്ചിരിക്കുന്നത് പരി. അമ്മയിൽ നമ്മെ എത്തിക്കുന്നു. “ദൈവമാതാവിലുള്ള വിശ്വാസം അധ:പതിക്കുമ്പോൾ ദൈവപുത്രനിലും ദൈവപിതാവിലുമുള്ള വിശ്വാസവും അധ:പതിക്കുന്നു”.

പയസ്സ് പന്ത്രണ്ടാമൻ പറയുന്നു. നിങ്ങൾ തിന്മയോട് യുദ്ധം ചെയ്യുവിൻ, ബലം പ്രയോഗിച്ചല്ല ആയുധം കൊണ്ടല്ല മാനുഷികമായ ശക്തിക്കൊണ്ടല്ല പ്രത്യുത ജപമാല പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ദൈവീക ശക്തിക്കൊണ്ട്. ഈ കാലഘട്ടത്തിൽ നമ്മെ പീഡിപ്പിക്കുന്ന എല്ലാ തിന്മകളിൽ നിന്ന് നമ്മെ രക്ഷിക്കാൻ പരി. ജപമാല പ്രാർത്ഥനയ്ക്ക് കഴിയും.

‘നമുക്ക് ആവശ്യമുള്ളതെല്ലാം പരി. അമ്മയിലൂടെ ലഭിക്കണം എന്നുള്ളതാണ് ദൈവഹിതം’ എന്ന സെന്റ് ബെർനാർഡിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പയസ്സ് പതിനാറാമൻ പറഞ്ഞു, എല്ലാത്തരത്തിലുമുള്ള തിന്മകളാൽ പീഡിപ്പിക്കപ്പെടുമ്പോഴും തകർക്കപ്പെടുമ്പോഴും നമ്മൾ നഷ്ടധൈര്യരാകരുത്. കാരണം സ്വന്തം രക്തത്താൽ വീണ്ടെടുത്തവരെ നാശത്തിന് വിട്ടുകൊടുക്കുകയില്ല. ആയതിനാൽ പരി. അമ്മയുടെ മാദ്ധ്യസ്ഥം വഴി യേശുവിനോട് നമുക്ക് ആവശ്യമുള്ളതെല്ലാം യാചിക്കാം.

1959 ജനു. 25ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ച് കൂട്ടുന്നതിനുള്ള ഉദ്ദേശ്യം ജോൺ പോൾ 23-ാമൻ ആദ്യമായി വെളിപ്പെടുത്തി. തുടർന്ന് 1959 സെപ്തം. 26ന് Grata Recordatio എന്ന ചാക്രീക ലേഖനം വഴി ആഗോളസഭയോട് പറഞ്ഞു, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മുന്നോടിയായി ജപമാല ചൊല്ലി പ്രാർത്ഥിക്കുക. ജപമാല ഭക്തി സഭയുടെ നവീകരണത്തിനും സഭകൾ തമ്മിലുള്ള ഐക്യത്തിനും കാരണമായി തീരും. ജപമാല പ്രാർത്ഥനയുടെ മൂന്ന് വർഷങ്ങൾക്ക് ശേഷം കൗൺസിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു (1962 ഒക്ടോ. 11). ജപമാല ഭക്തിയുടെ ഫലമായി രണ്ടാം വത്തിക്കാൻ കൗൺസിലിന് പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിനായി സഭയുടെ വാതിലുകൾ തുറക്കാൻ സാധിച്ചു. (2012-2013 കൗൺസിലിന്റെ 50-ാം വർഷം വിശ്വാസവർഷമായി സഭ ആചരിക്കുന്നു).

ജപമാല പരി. അമ്മയിലൂടെ നമുക്ക് നൽകപ്പെട്ട ഒരു വടമാണ് ക്രിസ്തുവിന്റെ അടുത്തേയ്ക്ക് പിടിച്ച് കയറാൻ ഈശോ നൽകിയ വടം. ഓരോ രഹസ്യവും ധ്യാനിക്കുകയും രക്ഷാകരസംഭവങ്ങളെ ഓർത്ത്

ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് സ്വർഗ്ഗ...... നന്മ നിറഞ്ഞ....പരി. മറിയമെ...... ത്രിത്വ. സ്തുതി....ഓ എന്റെ ഈശോ. ചൊല്ലുമ്പോൾ സ്വർഗ്ഗത്തിലേയ്ക്കുള്ള ഒരു സ്റ്റെപ്പ് നാം വെച്ചു കഴിഞ്ഞു. യേശുവിന്റെ വഴിയെ സഞ്ചരിക്കാൻ ഹൃദയത്തിൽ അഗ്നിയുമായി ധ്യാനിക്കുന്നവർക്ക് ആവർത്തനവും വിരസതയുമല്ല. പരി. അമ്മയുടെ ജീവിതവും മാദ്ധ്യസ്ഥവും നമ്മെ സഹായിക്കുന്നതുകൊണ്ട് ജപമാലയാകുന്ന വടത്തിൽ പിടിച്ചുകൊണ്ട് അമ്മയുടെ സഹായത്തോടെ യേശുവിലേക്കാണ് നാം തീർത്ഥാടനം നടത്തുന്നത്. കുരിശിൻ ചുവട്ടിൽ വച്ച് മറിയത്തെ നമുക്ക് അമ്മയായി യേശു നൽകി. (യോഹ. 9-26)അമ്മയ്ക്ക് മക്കളെ അവഗണിക്കാനാവില്ല. ഭൂമിയിൽ മാതാവ് തന്റെ മക്കൾക്കുവേണ്ടി യേശുവിനോട് മദ്ധ്യസ്ഥം യാചിച്ചുവെങ്കിൽ (യോഹ.2-3) അവളോട് നാം പ്രാർത്ഥിക്കുമ്പോൾ പ്രത്യേകിച്ച് ഇപ്പോഴും മരണസമയത്തും നമ്മുടെ അമ്മ നമുക്കുവേണ്ടി ദൈവതിരുമുമ്പാകെ പ്രാർത്ഥിക്കുമെന്നതിൽ സംശയമില്ല.

ജപമാല മുഴുവൻ ഈശോയെക്കുറിച്ചുള്ള പരി. അമ്മയുടെ ഓർമ്മകളാണ്. ഓരോ ദൈവമക്കളും ദൈവസാന്നിധ്യസ്മരണയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ജപമാല ചൊല്ലുമ്പോൾ പരി.അമ്മയെപ്പോലെ കർത്താവിനെക്കുറിച്ചുള്ള ഓർമ്മകളിൽ നാം നിറയും. നിരന്തരം ജപമാല ചൊല്ലിയാൽ ദൈവസാന്നിധ്യസ്മരണയിൽ നിറയുവാനും ജീവിക്കുവാനും കഴിയും. ഈ ദൈവീകമായ ഓർമ്മയാണ് മനുഷ്യന്റെ സ്ഥിരമായ സന്തോഷത്തിന്റെ അടിസ്ഥാനം.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
കെ. സി. വൈ. എം. ഡയറക്ടർ, മാനന്തവാടി രൂപത
ഫോൺ: 9495065656

# മതബോധനരംഗം

## വിശ്വാസവർഷം

പരി. പിതാവ് ഒക്ടോബർ 11-ാം തീയതി തിരുസഭയിൽ വിശ്വാസ വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയാണ്. 2013 നവംബർ 24-ന് അവസാനിക്കുന്ന വിശ്വാസവർഷാചരണം നമ്മുടെ വിശ്വാസവളർച്ച യ്ക്കും, വ്യാപനത്തിനും ഇടയാകണം. നമുക്ക് ലഭിച്ചിട്ടുള്ളതും, വളർത്തി യെടുത്തതുമായ വിശ്വാസജീവിതമാണ് കൈമാറ്റം ചെയ്യുവാൻ സാധി ക്കുകയുള്ളൂ. 'വിശ്വാസത്തിന്റെ കവാടം' എന്ന അപ്പസ്തോലിക ലേഖന ത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മെ പ്രബോധിപ്പിക്കുന്ന കാര്യങ്ങൾ പഠിക്കുവാനും, ജീവിക്കുവാനും ദൈവം നമുക്കായി തരുന്ന വിലപ്പെട്ട അവസരമായി വിശ്വാസവർഷത്തെ ഉപയോഗിക്കണം. വിശ്വ സിക്കുന്നതെന്ത് എന്ന് പഠിച്ച്, അത് 'തെറ്റു കൂടാതെയും കുറവ് കൂടാ തെയും' പരിശീലിപ്പിക്കുവാൻ നമ്മുടെ മതാദ്ധ്യാപകർ ഈ വർഷം പ്രത്യേകം ഒരുങ്ങണം. അവർക്കാവശ്യമായ പ്രോത്സാഹനവും സഹായ ങ്ങളും ഇടവകയിൽ നിന്നും ചെയ്തുകൊടുക്കാം; വിശ്വാസവർഷാ ചരണം ഫലപ്രദമാക്കാം.

## ബൈബിൾ നേഴ്സറി

ബൈബിൾ നേഴ്സറി ഇതിനോടകം കുറേ ഇടവകകളിൽ ആരം ഭിച്ചു. ട്രെയിനിംഗിന് വന്ന അധ്യാപകരെ അനുമോദിക്കുന്നു. ഇനിയും ക്ലാസ്സുകൾ തുടങ്ങാത്തവർ ഈ മാസം തന്നെ ആരംഭിക്കുവാൻ ശ്രദ്ധി ക്കുമല്ലോ. കുട്ടികൾക്കുള്ള പ്രത്യേക പുസ്തകം ബുക്കുസ്റ്റാളിൽ ലഭ്യ മാണ്.

## വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം നവംബർ 10,11 തീയതികളി ലാണ് നടത്തേണ്ടത്. വിശ്വാസവർഷവുമായി ബന്ധപ്പെട്ട വിഷയമാണ്

വിശ്വാസോത്സവത്തിന് ആധാരമായി സ്വീകരിക്കേണ്ടത്. അധ്യാപകർ മുൻകൂട്ടി തയ്യാറാകുമല്ലോ.

**SELOC**

ചുങ്കക്കുന്ന്, ബത്തേരി, മണിമൂളി, നിലമ്പൂർ, നടവയൽ, തരിയോട്, നീലഗിരി ഫൊറോനകളിൽ SELOC നടത്തി. ക്രമീകരണങ്ങൾ ഭംഗിയായി ചെയ്തുതന്ന ബഹു. ഫൊറോന ഡയറക്ടർമാർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, അധ്യാപകർ, ക്ലാസ്സുകൾ നയിച്ച രൂപതാ ടീം അംഗങ്ങൾ എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. പങ്കെടുത്ത കുട്ടികളെ ഇടവകയിൽ അധ്യാപകർ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമല്ലോ.

**ആമുഖ സെമിനാർ**

രാമനാഥപുരം രൂപതയിലെ അധ്യാപകർക്ക് ആമുഖസെമിനാർ നടത്തി. ഡയറക്ടറച്ചനോടൊപ്പം ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രാമനാഥപുരം രൂപതയിലെ മതബോധന ഡയറക്ടർക്കും, അധ്യാപകർക്കും വിജയാശംസകൾ.

**HDC ക്ലാസ് : ശ്രദ്ധിക്കുക**

HDC ആദ്യവർഷക്കാരുടെ ക്ലാസ് ദ്വാരകയിൽ ഒക്ടോബർ 23, നവംബർ 17 തീയതികളിലാണ്. മതബോധന കലണ്ടറിൽ കൊടുത്തിരിക്കുന്ന തീയതി തെറ്റിയതാണെന്ന് മനസ്സിലാക്കുമല്ലോ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് 2012 രൂപതാതല പരീക്ഷ

ഈ വർഷത്തെ ലോഗോസ് ക്വിസിന് 22578 പേർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച് 3 ഇടവകകൾ 1. ബത്തേരി (671), 2. ചുങ്കക്കുന്ന് (625), 3. മുള്ളൻകൊല്ലി (591) ഇതിനു നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും (ഫാ. സ്റ്റീഫൻ കോട്ട യ്ക്കൽ, ഫാ. തോമസ് മണക്കുന്നേൽ, ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി) സഹപ്രവർത്തകർക്കും ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

1. ഇടവകാംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ
   a. പനവല്ലി (59.4), b. ചുള്ളിയോട് (53.9), c. വൈത്തിരി (44)
2. 30 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ.
   1. ലക്കിടി (35.8), 2. ബാവലി (37.1), 3. മുട്ടിയേൽ (34.3), 4. അറവൻകാട് (33.3), 5. മുണ്ടേരി (32.7), 6. തലഞ്ഞി (43.8), 7. റ്റി.കെ. കോളനി (42.3)
3. 20 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ
   മക്കിയാട് (22.7), നിരവിൽപുഴ (21.7), ജൂഡ്സ്മൗണ്ട് (28.7), കുഞ്ഞോം (20), പുതിയിടംകുന്ന് (27.6), വഞ്ഞോട് (28.4), പുഴമുടി (20.8), കൽപ്പറ്റ (24.9), കൊളവയൽ (23.6), ആലാറ്റിൽ (26.4), പഴൂർ (29.7), ബോയ്സ്ടൗൺ (23.1), കബിനിഗിരി (27.8), വാളവയൽ (20.6), അപ്പപ്പാറ (28.3), കാട്ടിക്കുളം (23.2), ഇടയൂർകുന്ന് (29.5), കോട്ടത്തറ (21.6), കാവുംമന്ദം (27.1), കല്ലുമുക്ക് (29.1), പൂളപ്പാടം (28.7), പൂക്കോട്ടുംപാടം (21.4), ചോക്കാട് (20.2), വടപുറം (24.5), ഭൂതാനം(26.2).

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളുടെ ആത്മീയ ഉത്സവദിനങ്ങളാണ് ഒക്ടോബർ മാസം. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഇടവകകളിൽ കൂടുതൽ സജീവമാകുന്ന മാസമാണ് മിഷൻമാസം. മിഷൻമാസാചരണവും മിഷൻ ഞായർ ആഘോഷവുമെല്ലാം ക്രിസ്തു അവബോധത്തിലേക്കും മിഷൻലീഗ് അംഗമെന്ന നിലയിൽ നമ്മുടെ ദൗത്യത്തിലേക്കും നമ്മെ ഉണർത്തുമെന്നത് തീർച്ചയാണ്.

വിദേശ രാഷ്ട്രങ്ങളുടെ ഇന്ത്യയിലെ എംബസികളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ഇന്ത്യക്കു വിദേശരാഷ്ട്രങ്ങളുമായി ബന്ധം പുലർത്തണമെങ്കിൽ, അവർക്ക് നമ്മുടെ രാഷ്ട്രവുമായി ബന്ധത്തിലേർപ്പെടണമെങ്കിൽ, അതെല്ലാം ഈ എംബസികൾ വഴിയാണ് നടക്കുക. ആ നാടുകളിലെ കല, സാഹിത്യം, ശാസ്ത്രം, വാണിജ്യം, വ്യവസായം, രാഷ്ട്രീയം തുടങ്ങിയ മേഖലകളെക്കുറിച്ച് അറിവ് നൽകുന്നതും ഈ എംബസികളാണ്. മിഷൻ മാസാചരണം മനോഹരമായി ആചരിക്കുമ്പോൾ ഓരോ മിഷൻലീഗ് അംഗവും മനസ്സിലാക്കേണ്ട യാഥാർത്ഥ്യം, ഓരോ മിഷൻലീഗ് അംഗവും ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ അംബാസിഡർമാരാണ്. ക്രിസ്തുവിന്റെ അംബാസിഡർമാർ.

നാമെല്ലാവരും മിഷനറിമാരാണ്. പഠനസ്ഥലത്തായാലും ജോലിസ്ഥലത്തായാലും ഏത് മേഖലയിലാണെങ്കിലും ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുക ഓരോ മിഷൻലീഗ് അംഗത്തിന്റെയും കടമയും ഉത്തരവാദിത്വവുമാണ്. സ്വന്തം ജീവിതം കൊണ്ട് നമ്മൾ ക്രിസ്തുവിന് സാക്ഷ്യമേകണം. മൺമറഞ്ഞുപോയ ജോൺപോൾ രണ്ടാമൻ മാർപാപ്പ അമേരിക്ക സന്ദർശിച്ചപ്പോൾ ലക്ഷക്കണക്കിനു വരുന്ന യുവജനങ്ങളോട് ആഹ്വാനം ചെയ്തു. "Love Jesus, Live Jesus, Bear witness to Jesus. ഓരോ മിഷൻലീഗ് അംഗവും അനുഷ്ഠിക്കേണ്ട ധർമ്മമാണിത്.

മഹാത്മാഗാന്ധി പറഞ്ഞു "മിഷനറിമാർ റോസാ പൂക്കളെപോലെ ആയിരിക്കണം." റോസാപൂക്കൾ അവയുടെ ഭംഗിയും നറുമണവും കൊണ്ട് മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുന്നു. പ്രിയ മിഷൻലീഗ് അംഗങ്ങളെ മിഷൻമാസം വളരെ മനോഹരമായി ആചരിക്കുമ്പോൾ റോസാപൂക്കളെപോലെ ക്രിസ്തുവിന്റെ സൗരഭ്യം മറ്റുള്ളവരിലേക്ക് സ്വന്തം ജീവിതത്തിലൂടെ പകർന്നു കൊടുക്കുവാനും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാനും നമുക്ക് പരിശ്രമിക്കാം.

ഏവർക്കും മിഷൻമാസത്തിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശം സിക്കുന്നു.

ഒത്തിരിസ്നേഹത്തോടെ
**റവ. ഫാ. സോണി വടയാപറമ്പിൽ**
സി.എം.എൽ. രൂപതാ ഡയറക്ടർ

## ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു

മരുന്നുകളുടെ തീ പിടിച്ച വിലകാരണം പാവപ്പെട്ട രോഗികൾക്ക് പ്രത്യേകിച്ച് കേരളത്തിന് പുറത്ത് ഉൾപ്രദേശങ്ങളിലുള്ളവർക്ക് മരുന്നു ലഭ്യമാകാത്തതുകൊണ്ട് ഈ മിഷൻമാസത്തിൽ മിഷൻലീഗ് അംഗങ്ങൾ നമ്മുടെയും മറ്റ് വീടുകളിലേയും ഉപയോഗിക്കാത്ത മരുന്നുകൾ ശേഖരി ക്കുകയും രൂപത കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് വിനീത മായി ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഈ പ്രവർത്തനം പാവപ്പെട്ട ഒരു രോഗി യുടെ ജീവൻ നിലനിർത്താൻ സഹായിച്ചാൽ അതിൽപരം ഒരു മിഷൻ പ്രവർത്തനമില്ലല്ലോ.

## രൂപത ബൈബിൾ കലോത്സവം - ഒക്ടോബർ 13 ന്

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കി തങ്ങളുടെ സർഗ്ഗശേഷി വളർത്തുവാനും കണ്ടെത്തുവാനും സംഘടി പ്പിക്കുന്ന ബൈബിൾ കലോത്സവം ഒക്ടോബർ 13 ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. 12 മേഖലകളിൽ നിന്ന് മത്സരം കഴിഞ്ഞ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി യവരാണ് രൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെ ടുക്കുന്നവർ നന്നായി പരിശീലിച്ച് രൂപതാമത്സരത്തിൽ പങ്കെടുക്കണ മെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. ഏഴ് സ്റ്റേജുകളിലായി നടത്തുന്ന മത്സരത്തിൽ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖാ മേഖലാ ഭാരവാഹികളെ പ്രത്യേകം ക്ഷണിക്കുന്നു.

**മിഷൻമാസം സമാഗതമായി**

ചെറുപുഷ്പ മിഷൻലീഗിന് ഒക്ടോബർ മാസം വളരെ പ്രധാന്യ മുള്ളതാണ്. മിഷൻമാസ പ്രവർത്തനങ്ങൾ മുൻകൂട്ടി ആലോചിച്ച് ക്രമ പ്പെടുത്താൻ ശാഖാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മിഷൻമാസ പ്രവർത്തനങ്ങൾക്ക് ഒരു ചൂണ്ടുപലക**

വിവിധ ദിനാചരണങ്ങൾ: മാതൃദിനം, പിതൃദിനം, ശിശുദിനം, യുവ ജനദിനം, വൃദ്ധദിനം etc....

**ശുചീകരണ പ്രവർത്തനങ്ങൾ**

ദേവാലയ പരിസരം, സിമിത്തേരി, ആശുപത്രികൾ, ബസ്സ്റ്റാന്റ്, പൊതുസ്ഥലങ്ങൾ.

**അനുസ്മരണ ദിനങ്ങൾ**

വിശുദ്ധർ, മരണമടഞ്ഞ മിഷൻലീഗ് അംഗങ്ങൾ.

**പ്രാർത്ഥനകൾ**

ആരാധന, ജപമാല.

**സന്ദർശനങ്ങൾ**

സിമിത്തേരി, ആശുപത്രികൾ, ജയിലുകൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, മിഷൻകേന്ദ്രങ്ങൾ.

**പൊതുസമ്മേളനങ്ങൾ**

മത്സരങ്ങൾ, കലാപരിപാടികൾ, സമ്മാനദാനം, ആദരിക്കൽ.

**പ്രയാണങ്ങൾ**

വിശുദ്ധരുടെ ഛായാചിത്രങ്ങൾ, മിഷൻപതാക.

**മിഷൻഞായർ**

മിഷൻറാലി, മിഷൻസംഗമം, കലാപരിപാടികൾ, ഫണ്ട് സ്വരൂ പണം, മിഷൻഞായർ പിരിവ്, പൊതുപണികൾ.

- വിവിധ മിഷൻകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ സമർപ്പിച്ചു പ്രാർത്ഥിക്കുക. ആശംസകളയയ്ക്കുക.
- മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- ഇടവകയിൽ ജപമാലമാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെ ടുക്കുക.
- മാനുവൽ ബുക്കിലെ സുകൃതങ്ങൾ മിഷൻ ഗ്രാമങ്ങൾക്ക് അയച്ചു കൊടുക്കുക.
- തീർത്ഥാടനങ്ങൾ

- പ്രകൃതിപഠനക്യാമ്പുകൾ
- പ്രായമായവരേയും രോഗികളേയും ദേവാലയത്തിൽ കൊണ്ടുവന്ന് വി.കുർബാന, കുമ്പസാരം എന്നീ കൂദാശകൾ സ്വീകരിക്കാൻ സഹായിക്കുക.
- ജപമാല പ്രദക്ഷിണം
- ശാഖകളിൽ പതാക ഉയർത്തൽ
- പൊതുസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ മിഷൻ പതാക ഉയർത്തുക.
- മിഷൻസന്ദേശം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

## ഒക്ടോബർ - ഓർമ്മിക്കാൻ

1. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖകളിൽ പതാക ഉയർത്തൽ, പൊതുദിവ്യകാരുണ്യ സ്വീകരണം.
2. കാവൽ മാലാഖയുടെ തിരുനാൾ
3. സി.എം.എൽ. സ്ഥാപകദിനം
4. വി. ഫ്രാൻസീസ് അസീസിയുടെ തിരുനാൾ
7. ജപമാല രാജ്ഞിയുടെ തിരുനാൾ,
   അംഗത്വ സ്വീകരണം, നവീകരണം
20. മിഷൻപിരിവ്, ഭവനസന്ദർശനം
21. മിഷൻ ഞായർ

## മേഖലാ പ്രസിഡന്റ്, സെക്രട്ടറി മീറ്റിംഗ്

മേഖലാ പ്രസിഡന്റ് സെക്രട്ടറി മീറ്റിംഗ് ഒക്ടോബർ 7 ഞായർ 4 p.m. ന് നടത്തപ്പെടുന്നു. എല്ലാ മേഖലാ പ്രസിഡന്റ് സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## രൂപതാ ടീം മീറ്റിംഗ്

രൂപത പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന രൂപതാ ടീം അംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 12 ന് വൈകുന്നേരം പാസ്റ്ററൽ സെന്ററിൽ ചേരുന്ന മീറ്റിംഗിൽ എല്ലാ ടീം അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സംസ്ഥാന സാഹിത്യമത്സരം

സംസ്ഥാന സാഹിത്യ മത്സരം 21 ന് വെള്ളിയാഴ്ച ദ്വാരകയിലും നിലമ്പൂരിലും വെച്ചു നടന്നു.

## സാഹിത്യശിൽപ്പശാല

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി സാഹിത്യശിൽപ്പശാല 20-ന് ദ്വാരകയിലും നിലമ്പൂരിലും നടത്തപ്പെട്ടു.

ഷാജി ചന്ദനപറമ്പിൽ, ജോൺസൺ വടക്കേക്കര, റോയിസൻ, ഫാ.ജെയ്സ് ചെട്ട്യാശേരി എന്നിവർ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി.

**മേഖലാ കലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ മനോഹരമായി ക്രമീകരിച്ച മേഖലാ ഭാരവാഹികൾക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ നേരുന്നു.

**സ്നേഹദൂത്**

ശാഖാസന്ദർശനം ബത്തേരി, നടവയൽ, പുൽപ്പള്ളി മേഖലകളിൽ നടന്നു. ശാഖാസന്ദർശനത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ ബഹു. വൈദികർക്കും ശാഖാഭാരവാഹികൾക്കും സന്ദർശനത്തിന് സഹായിച്ച ടീം, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും രൂപതാ സമിതിയുടെ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**മിഷൻമാസ റിപ്പോർട്ടും വിഹിതവും**

മിഷൻമാസ പ്രവർത്തനങ്ങൾ കൃത്യമായ റിപ്പോർട്ടാക്കി നവംബർ 10 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മിഷൻമാസ വിഹിതവും രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**രൂപതാ സാഹിത്യമത്സര വിജയികൾ**

**ജൂണിയർ - ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | ആമോദ് കല്ലറയ്ക്കൽ | A | ആറട്ടുതറ - പയ്യംമ്പള്ളി |
| II | അഭിജിത്ത് കാഞ്ഞിരപ്പാറ | A | മുള്ളൻകൊല്ലി - പുൽപ്പള്ളി |
| III | തോമസ് ആന്റണി പരവൻപറമ്പിൽ | B | പാലേമാട് - മണിമൂളി |

**പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | അഞ്ചു കൂട്ടുങ്കൽ | A | ആടിക്കൊല്ലി - പുൽപ്പള്ളി |
| II | റ്റീന മരിയ പാലാട്ടി | A | മൂലങ്കാവ് - ബത്തേരി |
| III | ബിസി ചാത്തംകോട്ട് | A | ആലാറ്റിൽ - മാനന്തവാടി |
| III | ലിറ്റി മാങ്കൂട്ടത്തിൽ | A | ബത്തേരി - ബത്തേരി |

**ആൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | ആൽബിൻ കാരിക്കൊമ്പിൽ | A | അരിഞ്ചേർമല-നടവയൽ |
| II | ജെസ്റ്റിൻ കുന്നത്ത് | A | നരിവാലമുണ്ട - മണിമൂളി |
| III | ആമോദ് കല്ലറയ്ക്കൽ | | ആറാട്ടുതറ - പയ്യംമ്പള്ളി |

**പെൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | ലിബി തലാപ്പള്ളി | A | ചുള്ളിയാന - കല്ലോടി |
| II | മരിയ ചാലിൽ | A | മീനങ്ങാടി - ബത്തേരി |
| III | നീതു പുന്നോലിക്കുന്നേൽ | | പൂളപ്പാടം -നിലമ്പൂർ |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | സച്ചിൻ പേടിക്കാട്ടുകുന്നേൽ | A | ബത്തേരി - ബത്തേരി |
| II | അബിൻ മുക്കണ്ണിക്കൽ | A | മൂലങ്കാവ് - ബത്തേരി |
| III | ബിബിൻ അറയ്ക്കൽ | A | പാടിച്ചിറ - പുൽപ്പള്ളി |

**പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | ഷെറിൻ ഞള്ളമ്പുഴ | A | ഇടിവണ്ണ - നിലമ്പൂർ |
| II | സാന്ദ്ര തേവർകുന്നേൽ | A | ഇടിവണ്ണ - നിലമ്പൂർ |
| III | ലിറ്റി മാങ്കൂട്ടത്തിൽ | A | ബത്തേരി - ബത്തേരി |

**സീനിയർ വിഭാഗം - ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | റോബിൻ മുടതൊട്ടിയിൽ | A | പൂളപ്പാടം - നിലമ്പൂർ |
| II | അബിൻ വേങ്ങത്താനത്ത് | A | പൂളപ്പാടം - നിലമ്പൂർ |
| III | അഖിൽ പള്ളിപ്പാടത്ത് | A | കല്ലോടി - കല്ലോടി |

**പെൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | നീതു മേനാച്ചേരി | A | കൊട്ടിയൂർ - കൊട്ടിയൂർ |
| II | സ്റ്റെഫി നെല്ലിക്കുന്നേൽ | A | ആലാറ്റിൽ - മാനന്തവാടി |
| III | ജിതിയ പന്നയ്ക്കൽ | B | നടവയൽ - നടവയൽ |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | നിഖിൽ ചൂടിയാങ്കൽ | A | പറളിക്കുന്ന് - നടവയൽ |
| II | അബിനോ അഴകനാൽ | A | നെടുമ്പാല - കൽപ്പറ്റ |
| III | അമൽ കൊളവേലിൽ | A | മരകാവ് - പുൽപ്പള്ളി |

**പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | സ്റ്റെഫി പുതിയകുന്നേൽ | A | തോമാട്ടുചാൽ - ബത്തേരി |
| II | ഷാരോൺ വെളിയപ്പള്ളി | A | മാർട്ടിൻനഗർ - പയ്യംമ്പള്ളി |
| III | ആതിര പാനികുളങ്ങര | A | നെല്ലിയോടി - കൊട്ടിയൂർ |

**ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | അഖിൽ ആളൂക്കാരൻ | A | പറളിക്കുന്ന് - നടവയൽ |
| II | മൈക്കിൾ ജാൻപാലസ് | A | പാലാങ്കര - മണിമൂളി |
| III | അഖിൽ പള്ളിപ്പാട്ട് | B | കല്ലോടി - കല്ലോടി |

**പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | ഗ്രാലിയ വെട്ടുകാട്ടിൽ | A | മണിമൂളി - മണിമൂളി |
| II | ത്രേസ്യ നരിമറ്റത്തിൽ | A | ചുങ്കക്കുന്ന് - കൊട്ടിയൂർ |
| III | ഷിൽജ മോളത്ത് | A | മച്ചിക്കൊല്ലി - ഗൂഡല്ലൂർ |

**സൂപ്പർ സീനിയർ - ആൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | ഷിജു വളവിൽ | A | മഞ്ഞൂറ - തരിയോട് |
| II | ജോണി കരിമാനി | A | നെടുമ്പാല - കൽപ്പറ്റ |
| III | മത്തായി പ്ലാത്തോട്ടത്തിൽ | A | പട്ടാണികൂപ്പ് - പുൽപ്പള്ളി |

**പെൺകുട്ടികൾ - കവിത**

| | | | |
|---|---|---|---|
| I | വിസ്മയ വടക്കേൽ | A | കേണിച്ചിറ - നടവയൽ |
| II | ബീന കുരിയക്കാട്ടിൽ | A | കല്ലോടി - കല്ലോടി |
| III | ശാന്തീന മൂലേച്ചിറ | A | പുതുശ്ശേരിക്കടവ് - തരിയോട് |

**ആൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | പയസ് അരുമായിൽ | A | ചോക്കാട് - നിലമ്പൂർ |
| II | മനോജ് ഞള്ളംമ്പുഴ | A | ഇടിവണ്ണ - നിലമ്പൂർ |
| III | ടോമി കുളഞ്ഞനാംമറ്റത്തിൽ | A | കേളകം - കൊട്ടിയൂർ |

**പെൺകുട്ടികൾ - ഉപന്യാസം**

| | | | |
|---|---|---|---|
| I | ബീന കുരിയക്കാട്ടിൽ | A | കല്ലോടി - കല്ലോടി |
| II | ബിനു മോൾ തോട്ടുങ്കൽ | A | കൽപ്പറ്റ - കൽപ്പറ്റ |
| III | ശാന്തീന മൂലേച്ചിറ | B | പുതുശ്ശേരിക്കടവ് - തരിയോട് |

**ആൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | ലാസർ മങ്കടപ്ര | A | മുള്ളൻകൊല്ലി |
| II | സജി വട്ടയ്ക്കാമുകുളേൽ | A | കൽപ്പറ്റ - കൽപ്പറ്റ |
| III | സിജോ പുതിയിടത്ത് | A | കടൽമാട് - ബത്തേരി |

**പെൺകുട്ടികൾ - ചെറുകഥ**

| | | | |
|---|---|---|---|
| I | ബിനുമോൾ തോട്ടുങ്കൽ | A | കൽപ്പറ്റ - കൽപ്പറ്റ |
| II | ടിനു പുതിയിടത്ത്താഴത്ത് | A | നെടുമ്പാല - കൽപ്പറ്റ |
| III | ജിന്റു വെളിയംമാക്കൽ | A | നെല്ലിയോടി - കൊട്ടിയൂർ |

## പലതുള്ളി തന്ന ശാഖകൾ

ചാരിറ്റി - 232, കണിയാരം - 4445, വൈത്തിരി - 100, ചൂരൽമല-120, മംഗളം-250, നെയ്ക്കുപ്പ - 150, കല്ലോടി-500, കൽപ്പറ്റ - 500, പുഴമുടി - 200.

## കാണിക്ക തന്ന ശാഖകൾ

പൂളപ്പാടം - 500

## മേഖലാ വാർത്തകൾ

കൊട്ടിയൂർ:- രൂപതാ സാഹിത്യമത്സരം, എക്സിക്യൂട്ടീവ് മീറ്റിംഗ്, പ്രേഷിതവർഷ കൊളാഷ് മത്സരം, എന്നിവ നടത്തി. കൊളാഷ് മത്സരത്തിൽ ശാന്തിഗിരി, വെള്ളൂന്നി, ചുങ്കക്കുന്ന്, കേളകം യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഗൂഡല്ലൂർ:- മേഖലാ കലാമത്സരം നടത്തി.

## ശാഖാ വാർത്തകൾ

*കൊമ്മയാട്:-* അൾത്താരബാല സംഗമം നടത്തി.

*മഞ്ഞൂറ:-* ആരാധന നടത്തി. ജപമാല സൈന്യം രൂപീകരിച്ചു.

*ചാരിറ്റി:-* കൊളാഷ് മത്സരം നടത്തി. പ്രേഷിതവർഷ സമാപനത്തിൽ പ്രേഷിതരെ ആദരിച്ചു.

*കൽപ്ര:-* വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.

*ചൂരൽമല:-* സി. റ്റെയ്സി എസ്.എച്ച്. അർദ്ധദിന സെമിനാർ നടത്തി.

*പോരൂർ:-* അൾത്താരബാല സഖ്യത്തിന് സെമിനാർ നടത്തി.

*ഇടിവണ്ണ:-* ബൈബിൾക്വിസ്, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി.

*കുറുമണി:-* മഴയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. ഒളിമ്പിക്സ് ക്വിസ് നടത്തി.

*ബോയ്സ്ടൗൺ:-* വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.

*പനംചിറ:-* കുഞ്ഞേട്ടൻ അനുസ്മരണ പ്രാർത്ഥന നടത്തി.

*പയ്യംപള്ളി:-* പാട്ട്, ബൈബിൾവായന, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തി.

*മംഗലശ്ശേരി:-* ജസ്റ്റീസ് സൺഡേ ആചരിച്ചു.

*വൈത്തിരി:-* സാഹിത്യ ശില്പശാല നടത്തി. അൾത്താര ബാലൻമാരെ ആദരിച്ചു.

*കൊട്ടിയൂർ:-* വി. ജോൺമരിയ വിയാനിയുടെ ക്വിസ് നടത്തി. 'പ്രതീഷ'ഭവനിൽ ഡയറക്ടറച്ചൻ നേതൃത്വം നൽകി.

*പേരിയ:-* കുഞ്ഞേട്ടൻ അനുസ്മരണദിനം നടത്തി.

*വഞ്ഞോട്:-* കുഞ്ഞോം ശാന്തിനിലയം ഓർഫനേജിൽ കുട്ടികൾക്ക് 40 കിലോ അരി നൽകി.

*മാർട്ടിൻനഗർ:-* വി. ജോൺമരിയ വിയാനിയുടെ ചരിത്രം അവതരിപ്പിച്ചു. മേഖലാ കലാമത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

*ഏലപ്പീടിക:-* അർദ്ധദിന സെമിനാർ നടത്തി. സൺഡേസ്റ്റാറിനെ തിരഞ്ഞെടുത്തു.

*അപ്പപ്പാറ:-* ബഹു. കുരുവിള പ്ലാത്തോട്ടത്തിലച്ചനെ അനുസ്മരിച്ചു.

*മുള്ളൻകൊല്ലി:-* അൾത്താരബാലൻമാർക്ക് പരിശീലനം നൽകി. 'പൂക്കളം 2012' ഓണാഘോഷ പരിപാടി നടത്തി.

*എടപ്പെട്ടി:-* കുഞ്ഞേട്ടൻ അനുസ്മരണദിനം നടത്തി. സ്വാതന്ത്ര്യദിന ക്വിസ്സ് മത്സരം നടത്തി.

*മരക്കടവ്:-* അൾത്താരബാല സംഗമത്തിൽ പങ്കെടുത്തു.

*വാഴവറ്റ:-* വാർഡുകളിൽ ലോഗോസ് ക്വിസ് നടത്തി.

*നിലമ്പൂർ:*- സ്വർഗ്ഗാരോപണം, കുഞ്ഞേട്ടൻ അനുസ്മരണം, പ്രേഷിത വർഷ സമാപനം എന്നിവ നടത്തി.
*പുതിയിടം:*- വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദീകരെ സന്ദർശിച്ചു.
*ദീപിതിഗിരി:*- പ്രസംഗ പരിശീലനം, ഗാനപരിശീലനം എന്നിവ നടത്തി.
*അമ്പായത്തോട്:*- ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കുറുമ്പാലക്കോട്ട:*- പ്രേഷിതവർഷ സമാപനത്തിൽ പ്രേഷിതരുടെ മാതാപിതാക്കളെ ഉപഹാരം നൽകി ആദരിച്ചു.
*പുതുശ്ശേരി:*- ടൗൺ ക്ലീനിംഗ് നടത്തി.
*പാതിരിപ്പാടം:*- മഴയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തി.
*തവിഞ്ഞാൽ:*- വീടിനൊരു തേക്കിൻതൈ വിതരണം. ദൈവവിളി പ്രോത്സാഹനമായി 15200 രൂപ മൈനർ സെമിനാരിക്ക് നൽകി.
*വടപുറം:*- ഓണാഘോഷ പരിപാടി നടത്തി.
*ബെക്കി:*- പച്ചക്കറിത്തോട്ടത്തിന് ആവശ്യമായ വിത്ത് ശേഖരിച്ചു.
*ചുങ്കക്കുന്ന്:*- മഴയ്ക്കുവേണ്ടി പ്രാർത്ഥന നടത്തി. കൊളാഷ് മത്സരത്തിൽ പങ്കെടുത്തു. ഓണാഘോഷ പരിപാടി നടത്തി.
*നടവയൽ:*- പ്രേഷിതവർഷ സമാപനം നടത്തി. സീനിയേഴ്സ് സംഗമം, സെമിനാർ നടത്തി.
*പൂളപ്പാടം:*- വോയ്സ് ഓഫ് ചർച്ച്, ബൈബിൾക്വിസ്, വിദ്യാഭ്യാസ സഹായം 21000 രൂപ 15 കുട്ടികൾക്കായി നൽകി.
*ആടിക്കൊല്ലി:*- ദിവ്യകാരുണ്യ ആരാധന, ഓണാഘോഷം, സൺഡേ സ്റ്റാർ, മിഷൻസ്റ്റാർ, ബൈബിൾ സ്റ്റാർ എന്നിവരെ തെരഞ്ഞെടുത്തു.
*ബത്തേരി:*- ഒരു പ്രേഷിതന് ഒരു മരം - വൃക്ഷതൈ വിതരണം നടത്തി.
*കുഞ്ഞോം:*- ബൈബിൾക്വിസ് മത്സരം നടത്തി.
*വെള്ളമുണ്ട:*- അർദ്ധദിന സെമിനാർ നടത്തി. ഓണാഘോഷ പരിപാടി നടത്തി.
*പാലാങ്കര:*- ഒരു ക്യാൻസർ രോഗിക്ക് 1000 രൂപ നൽകി.
*നെല്ലിയോടി:*- മുൻ വികാരി ബഹു. പ്ലാശനാലച്ചന്റെ മാതാവിന്റെ നിര്യാണത്തിൽ സി.എം.എൽ. അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി.
*മുണ്ടേരി:*- അൾത്താരബാലസംഗമം നടത്തി.
*പാൽച്ചുരം:*- കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.
*മംഗളം:*- കോളനി സന്ദർശനം നടത്തി. പൂക്കളമത്സരം നടത്തി.

*കല്ലുമുക്ക്:-* സിമിത്തേരി സന്ദർശനം നടത്തി.
*ബാവലി:-* പ്രസംഗ പരിശീലനം നടത്തി.
*പട്ടാണിക്കൂപ്പ്:-* പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ഗാനപരിശീലനം നടത്തി.
*പനവല്ലി:-* കരുണാഭവൻ സന്ദർശനം നടത്തി. ബൈബിൾക്വിസ് മത്സരം നടത്തി.
*ചുള്ളിയാന:-* സ്വർഗ്ഗാരോപണതിരുനാൾ ആഘോഷിച്ചു.
*കാവുംമന്ദം:-* ബൈബിൾക്വിസ്, സഭാവാർത്ത, പ്രസംഗം എന്നിവ നടത്തി.
*കരിമാനി:-* 'പ്രേഷിതപ്രവർത്തനവും വിശ്വാസജീവിതവും' സ്കിറ്റ് അവതരിപ്പിച്ചു.
*ശാന്തിഗിരി:-* മേഖലാ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു. ഓണാഘോഷ പരിപാടികൾ നടത്തി, കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.
*കല്ലോടി:-* അൾത്താരബാലസംഗമം നടത്തി, ദൈവവിളി സെമിനാർ, സാഹിത്യശില്പശാല, ഗാനപരിശീലനം എന്നിവ നടത്തി.
*ദ്വാരക:-* ഊട്ടി പള്ളിക്കായി 500 രൂപ സംഭാവന നൽകി, കുട്ടികളുടെ മാത്രം വാർഡ് കൂട്ടായ്മയും പ്രാർത്ഥനയും ആരാധനയും നടത്തി.
*ചുണ്ടക്കര:-* ഓണാഘോഷ പരിപാടികൾ നടത്തി. വിയാനിദിനം ആഘോഷിച്ചു.
*പ്രശാന്തഗിരി:-* ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.
*ചെന്നലോട്:-* അർദ്ധദിന സെമിനാർ നടത്തി.
*കാട്ടിക്കുളം:-* വിയാനിദിനം ആഘോഷിച്ചു, ലോഗോസ് ഒരുക്കം നടത്തി.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

**മദർതെരേസ അനുസ്മരണം**

കെ.സി.വൈ.എം. സംസ്ഥാന സമിതിയും കോഴിക്കോട് രൂപതയും സംയുക്തമായി, സെപ്റ്റംബർ 9 -ാം തീയതി കോഴിക്കോട് വച്ച് നടത്തിയ മദർതെരേസ അനുസ്മരണ സമ്മേളനത്തിൽ രൂപതയിൽ നിന്നും സെക്രട്ടറി ജസ്റ്റിൻ ചെഞ്ചട്ടേൽ കോഓർഡിനേറ്റർ എബിൻ മുട്ടപ്പള്ളി, ട്രഷറർ വിബിൻ ചെമ്പക്കര, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർമാരായ സജിൻജോസ് ചാലിൽ, പ്രിൻസി പെരിങ്ങാരപ്പള്ളി, സംസ്ഥാന സെനറ്റ് മെമ്പർ സൻസി പൊട്ടയിൽ എന്നിവർ പങ്കെടുത്തു.

**കർഷകരക്ഷാ സംഗമം-ആലോചനായോഗം**

സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മലബാറിലെ ആറ് രൂപതകൾ ചേർന്ന് വയനാട്ടിൽ സംഘടിപ്പിക്കുന്ന കർഷക രക്ഷാസംഗമത്തിന്റെ ആലോചന യോഗത്തിൽ മാനന്തവാടി രൂപതയിൽ നിന്നും സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർമാരായ സജിൻ ജോസ് ചാലിൽ, പ്രിൻസി പെരിങ്ങാരപ്പള്ളി, സംസ്ഥാന സെനറ്റ് മെമ്പർ സൻസി പൊട്ടയിൽ, രൂപതാസെക്രട്ടറി ജസ്റ്റിൻ ചെഞ്ചട്ടയിൽ, കോ-ഓർഡിനേറ്റർ എബിൻ മുട്ടപ്പള്ളി, ട്രഷറർ വിബിൻ ചെമ്പക്കര എന്നിവർ പങ്കെടുത്തു.

**ശുചിത്വദിനം-ഗാന്ധിജയന്തി : ഒക്ടോബർ 2**

മാലിന്യം ഒരു സാമൂഹിക തിന്മയായി വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിന് ഒരു സന്ദേശം നൽകാൻ കഴിയുന്നതരത്തിൽ, മാതൃകാപരമായി ശുചിത്വദിനം ആചരിക്കാൻ ശ്രമിക്കുമല്ലോ.

**രൂപതാക്യാമ്പ് - “എഫ്ഫാത്ത”**

തരിയോട് യൂണിറ്റിൽ വെച്ച് ഒക്ടോബർ 22, 23, 24 തീയതികളിലായി നടക്കുന്ന രൂപതാക്യാമ്പിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ഒക്ടോബർ പത്തിനുമുമ്പ് രൂപതാ ഓഫീസിൽ വിളിച്ചറിയിക്കുമല്ലോ. ക്യാമ്പ് 22-ാം തീയതി വൈകുന്നേരം 5 മണിക്ക് തുടങ്ങി 24-ാം തീയതി 3 മണിക്ക് അവസാനിക്കും. ഒരു യൂണിറ്റിൽ നിന്നും 5 അംഗങ്ങൾക്ക് പങ്കെടുക്കാം. റജി.ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.

## Pearl-2012 രൂപത കലാസാഹിത്യ മത്സരങ്ങൾ (ഒക്ടോബർ 21, നവംബർ 13)

പേൾ 2012 സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 21 ഞായറാഴ്ച 2 മണി മുതൽ അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. മേഖലാ നേതൃത്വം സൗകര്യപ്രദമായ സ്ഥലം വിളിച്ചറിയിക്കുമല്ലോ.

കലാമത്സരങ്ങൾ നവംബർ 13-ാം തീയതി മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ ഒമ്പത് മണിമുതൽ നടത്തപ്പെടും. മത്സര ഇനങ്ങളും നിബന്ധനകളും സർക്കുലറായി അയച്ചത് ശ്രദ്ധിച്ചിരിക്കുമല്ലോ. മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 14-ാം തീയതിക്ക് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. മത്സരദിവസം ലിസ്റ്റിൽ യാതൊരു മാറ്റവും അനുവദിക്കുകയില്ല. 2012 അംഗത്വലിസ്റ്റിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല. ഒരു വ്യക്തിക്ക് 3 വ്യക്തിഗത ഇനത്തിലും 3 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

## മേഖലാ വാർത്തകൾ

### കൊട്ടിയൂർ മേഖലയ്ക്ക് പുതിയ ഭാരവാഹികൾ

കൊട്ടിയൂർമേഖല പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജയിൻസ് പുളിയൻമാക്കൽ (പ്രസിഡന്റ്), ഡെല്ല പുത്തൻകണ്ടത്തിൽ (വൈ.പ്രസിഡന്റ്), ജോബിറ്റ് പയ്യംപള്ളിക്കുന്നേൽ (സെക്രട്ടറി), അഞ്ജു ഏറത്തേടത്ത് (ജോ.സെക്രട്ടറി), ബിനു പൊങ്ങപ്പാറ (ട്രഷറർ), ഏവർക്കും പ്രവർത്തനപന്ഥാവിൽ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

### തരിയോട് മേഖല കലാസാഹിത്യ മത്സരങ്ങൾ "അരങ്ങ് 2012"

മേഖലാ സാഹിത്യ മത്സരങ്ങൾ ഓഗസ്റ്റ് 11-ാം തീയതിയും കലാമത്സരങ്ങൾ 30-ാം തീയതിയും കാവുംമന്ദം യൂണിറ്റിൽ വച്ച് നടന്നു. മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ 'അരങ്ങ് 2012' ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജെറ്റിഷ് വെള്ളാരം കാലായിൽ അദ്ധ്യക്ഷനായിരുന്നു. ജോഷി നമ്പുശ്ശേരിയിൽ, ആനിമേറ്റർ സി. ആൻസ് എഫ്.സി.സി., ജിസ്മോൻ വരീക്കൽ, അമ്പിളി പാറയിൽ എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോ-ഓർഡിനേറ്റർ എബിൻ മുട്ടപ്പള്ളി എന്നിവർ സന്നിഹിതരായിരുന്നു. കാവുംമന്ദം യൂണിറ്റ് ഒന്നാംസ്ഥാനവും, കുറുമണി യൂണിറ്റ് രണ്ടും, ചെന്ദലോട്, തരിയോട് യൂണിറ്റുകൾ മൂന്നും സ്ഥാനങ്ങൾ നേടി. കലാസാഹിത്യ പ്രതിഭാപട്ടത്തിന് മനു മറ്റത്തിൽ (തരിയോട്), സ്റ്റെനി കുളത്തിങ്കൽ (കോട്ടത്തറ), എന്നിവർ അർഹരായി.

**കൽപ്പറ്റ മേഖല ഓണാഘോഷവും സാഹിത്യമത്സരവും**

ഓഗസ്റ്റ് 31-ന് വാഴവറ്റ യൂണിറ്റിൽ വച്ച് കൽപ്പറ്റ മേഖല ഓണാഘോഷവും സാഹിത്യമത്സരവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ശ്രീ. റ്റിജോ പതാകയുയർത്തി. രൂപതാ പ്രസിഡന്റ് ശ്രീ.ബിനോയ് പാനികുളം സന്നിഹിതനായിരുന്നു. വടംവലി മത്സരത്തിൽ നെടുമ്പാല ഒന്നും ഒലിവുമല രണ്ടും സ്ഥാനങ്ങൾ നേടി. എട്ട് യൂണിറ്റിൽ നിന്നും 150 ഓളം അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**പനവല്ലി യൂണിറ്റ് പുനരാരംഭിച്ചു**

പനവല്ലി കെ.സി.വൈ.എം. യൂണിറ്റ് പുനാരാരംഭിച്ചു. കെ.സി. വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യുവജനങ്ങൾക്കായി ക്ലാസെടുത്തു. അന്നേദിവസം യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. റവ. ഫാ. സജി നെടുങ്കല്ലേൽ (ഡയറക്ടർ), സി. സിൽവി എസ്.എച്ച്. (ആനിമേറ്റർ), സുജിത് ചവരനാൽ (പ്രസിഡന്റ്), ജീന പുളിയ്ക്കൽ (വൈ.പ്രസിഡന്റ്), സിനി പട്ടർമഠത്തിൽ (സെക്രട്ടറി), ജിബിൻ കൊച്ചുമീമ്പള്ളിയിൽ (ജോയിന്റ് സെക്രട്ടറി), ജിൽസൺ പുളിക്കൽ (കോ-ഓർഡിനേറ്റർ), ഏവർക്കും എല്ലാവിധ ആശംസകളും നേരുന്നു.

**ഇടയൂർകുന്ന് കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു.**

ഇടയൂർകുന്ന് കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ബിജു പത്താഴത്തിങ്കൽ PSDP, ആനിമേറ്റർ, ഭാരവാഹികൾ ഏവർക്കും പ്രവർത്തനവഴിയിൽ നന്മകൾ നേരുന്നു.

**അമ്പലവയൽ യൂണിറ്റ്**

അധ്യാപക ദിനത്തിൽ മതാധ്യാപകർക്ക് ആശംസകളർപ്പിച്ചു. എല്ലാമാസവും അവസാന വെള്ളിയാഴ്ച ആരാധന നടത്തുന്നു.

**പാൽച്ചുരം യൂണിറ്റ്**

വി. ജോൺ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്തു. ബസ് വെയിറ്റിംഗ് ഷെഡ് പുനർ നിർമ്മാണം നടത്തുകയും ബസ് സമയ ബോർഡ് സ്ഥാപിക്കുകയും ചെയ്തു. ഇടവകയിൽ രോഗീസന്ദർശനം നടത്തി. പ്രാർത്ഥനാ കൂട്ടായ്മ നടത്തി. സ്വാതന്ത്ര്യദിന ക്വിസ് മത്സരം സംഘടിപ്പിച്ചു. ഓണാഘോഷ പരിപാടികൾ നടത്തുകയും

വിജയികൾക്ക് സമ്മാനം നൽകുകുയം ചെയ്തു. മാതാവിന്റെ പിറവി തിരുനാളിനോടനുബന്ധിച്ച് കപ്പേളയും പരിസരവും വൃത്തിയാക്കുകയും മനോഹരമായി അലങ്കരിക്കുകയും ചെയ്തു.

**കാവുംമന്ദം യൂണിറ്റ്**

കെ. സി. വൈ. എമ്മിന്റെ നേതൃത്വത്തിൽ വാർഡുതലത്തിൽ രണ്ടു ദിവസത്തെ ഓണാഘോഷ പരിപാടികൾ നടത്തി. മേഖലാ കലാ മത്സരത്തിൽ കാവുംമന്ദം യൂണിറ്റ് ഒന്നാം സ്ഥാനം നേടി. കെ.സി.വൈ. എം. യുവജന കൂട്ടായ്മയുടെ കാവുംമന്ദത്ത് വച്ച് നടക്കുന്ന ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി വൈകുന്നേരങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചുവരുന്നു.

**വാഴവറ്റ യൂണിറ്റ്**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തിയ മേഖലാ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അമൽ ഏറത്ത്, ആഗിൻ കോടികുളം, അലീന ചൂടിയാങ്കൽ എന്നിവരെ ആദരിച്ചു. ഇടവകയിൽ ഓണാഘോഷ പരിപാടികൾ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. രോഗീസന്ദർശനം നടത്തി. സാമ്പത്തിക സഹായം വിതരണം ചെയ്തു.

**പടമല യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി. വളരെ ജനകീയമായി, പടമല പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ സഹകരണത്തോടെ കെ.സി. വൈ.എം. അംഗങ്ങൾ വിപുലമായ രീതിയിൽ "ഓണാത്സവ്-2012" നടത്തി.

**പുതിയിടംകുന്ന് യൂണിറ്റ്**

ഇടവകയെ 4 സോണുകളായി തിരിച്ച് ഓണാഘോഷ മത്സരങ്ങൾ നടത്തി. വിജയികൾക്ക് റവ.ഫാ. ജെയിസ് പൂതക്കുഴി സമ്മാനങ്ങൾ നൽകി. പായസ വിതരണവും ഉണ്ടായിരുന്നു. ഇടവകയിലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ചാന്ദാ രൂപതയിലെ എഡ്മണ്ട് ബർവ എന്ന മതാധ്യാപകന് ഭവന നിർമ്മാണത്തിന് 25000 രൂപയുടെ ചെക്ക് ബിഷപ്പ് വിജയാനന്ദ്, നെടുംപുറം വികാരി ഫാ. ഷാജു മാടപ്പള്ളിക്കുന്നേൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കെ.സി.വൈ.എം. പ്രതിനിധികൾ കൈമാറി. മാണ്ഡ്യ രൂപതയിൽ നാഗമംഗലയിലെ Prerana women society യിലുള്ള സാധു സ്ത്രീകൾക്കായി 75 സാരി വിതരണം ചെയ്തു.

നവ സുവിശേഷവത്കരണ പാതയിൽ സ്നേഹാഭിവാദ്യങ്ങളോടെ,

**ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ**
രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സിന്റെ തീയതി മാറ്റുന്നു

നവംബർ 24 മുതൽ 27 വരെ അറിയിച്ചിരുന്ന കോഴ്സിന്റെ തീയതി മാറ്റുന്നു. പ്രസ്തുത കോഴ്സ് നവംബർ 19 മുതൽ 22 വരെ ആയിരിക്കും. തീയതിയിലെ ഈ വ്യത്യാസം ശ്രദ്ധിക്കുമല്ലോ.

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ആഗസ്റ്റ് 24 മുതൽ 27 വരെ നടന്ന കോഴ്സിൽ 69 പേരും, ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെപ്റ്റംബർ 2 മുതൽ 5 വരെ നടന്ന കോഴ്സിൽ 94 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ഒക്ടോബർ 26–29 – ദ്വാരക പാസ്റ്ററൽ സെന്റർ

നവംബർ 09–12 – ദ്വാരക പാസ്റ്ററൽ സെന്റർ

## കത്തോലിക്കാ മാതൃസംഘടന

രൂപതാ മാതൃസംഘടന ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെയും, അസി. ഡയറക്ടർ ബിനുവച്ചന്റെയും നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് സെപ്റ്റംബർ 21 ന് ചേർന്നു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് ഒക്ടോബർ 16 ന് 10 മണിക്ക്.

## നെടുമ്പാല യൂണിറ്റ്

ആഗസ്റ്റ് 11 ന് സംഘടനയുടെ മാസമീറ്റിംഗ് നടന്നു. ബഹു. തോമസച്ചൻ ഓരോ കുടുംബിനിയും ഉപ്പ് ആയി മാറണമെന്ന സന്ദേശം നൽകി. ആനിമേറ്ററോടൊപ്പം ഭവനസന്ദർശനവും, രോഗീ സന്ദർശനവും നടത്തി. ആഗസ്റ്റ് 15 സമുചിതമായി ആഘോഷിച്ചു. അമ്മമാർ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. 8 നോമ്പ് വളരെ ആഘോഷവും ഭക്തിനിർഭരവുമായി നടത്തുവാൻ തീരുമാനിച്ചു.

**ചൂരൽമല യൂണിറ്റ്**

ആഗസ്റ്റ് 12–ന് പ്രാർത്ഥനാ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. ജോയിസച്ചൻ ക്ലാസ്സെടുത്തു. ക്ലാസിനുശേഷം അമ്മമാർ എല്ലാവരും കൂടി സിമിത്തേരി സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും പരിസരമെല്ലാം വൃത്തിയാക്കുകയും ചെയ്തു. ആഗസ്റ്റ് 15 സമുചിതമായി ആഘോഷിച്ചു. ആനിമേറ്ററൊടൊപ്പം രോഗീ സന്ദർശനവും നടത്തി. ആഗസ്റ്റ് 22 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് 8 നോമ്പ് വളരെ ആഘോഷവും ഭക്തിനിർഭരവുമായി നടത്തുവാൻ തീരുമാനിച്ചു. 26 ന് ബഹു. തോമസച്ചന്റെ നേതൃത്വത്തിൽ അമ്മമാർ ഒരുമിച്ചു കൂടി. 8 ദിവസം കൊന്തനമസ്ക്കാരം നടത്തുക, ഒരു രോഗിയെ സന്ദർശിക്കുക, നൊമ്പെടുക്കുക ഇങ്ങനെ ചെയ്യുന്ന അമ്മമാരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ പേര് നറുക്കിട്ടെടുത്തു 'ലക്കി' മേരിയെ തിരഞ്ഞെടുക്കുകയും 9–ാം തീയതി സമ്മാനം നൽകുകയും ചെയ്യാം എന്ന് തീരുമാനിച്ചു.

**വെള്ളമുണ്ട യൂണിറ്റ്**

ആഗസ്റ്റ് 18–ന് ബഹു. ജോജോച്ചന്റെയും ആനിമേറ്റർ സി.ലൂസിയ മാത്യുവിന്റെയും നേതൃത്വത്തിൽ അമ്മമാർ എമ്മാവൂസ് വില്ല സന്ദർശിക്കുകയും കുട്ടികളോടൊപ്പം കുറച്ചു സമയം ചിലവഴിക്കുകയും ചെയ്തു. യൂണിറ്റിലെ പ്രേഷിതനിധി രൂപതയിൽ എത്തിക്കുകയും, അമ്മമാർ പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

**വെള്ളൂന്നി യൂണിറ്റ്**

ആഗസ്റ്റ് 26 ന് ബഹു. ജോസ് കൊട്ടാരത്തിലച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ മീറ്റിംഗ് ആരംഭിച്ചു. ജോസച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ക്ലാസെടുക്കാൻ വന്ന ഫൊറോന വികാരി ബഹു. തോമസ് മണക്കുന്നേലച്ചൻ കുടുംബത്തിൽ, സമൂഹത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തേക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് ശാഖ തെരഞ്ഞെടുപ്പു നടത്തി. വി. മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. ശ്രീ. സിനു മരിയ കൊല്ലിയിൽ തിരുനാൾ ആശംസകളും, സന്ദേശവും നൽകി. 7 മക്കൾ ഉള്ള അമ്മയ്ക്ക് പൂ നൽകി ആദരിച്ചു. തോമസച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ശ്രീമതി ലിസ്സി കൊച്ചുപുരയ്ക്കൽ നന്ദി പറഞ്ഞു.

പുതിയ ഭാരവാഹികൾ ഡയറക്ടർ ഫാ. ജോസ് കൊട്ടാരത്തിൽ, ആനിമേറ്റർ സി. ബെൻസി ജോസ്, പ്രസിഡന്റ് ശ്രീ. ജെയ്ൻ കല്ലേക്കുളം, വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സി നെല്ലിമല, സെക്രട്ടറി ശ്രീമതി റീന ചോലപ്പിള്ളി, ജോയിന്റ് സെക്രട്ടറി ശ്രീമതി മേഴ്സി കാട്ടുതുരുത്തി, ട്രഷറർ ശ്രീമതി സിനു കൊല്ലിയിൽ, കൗൺസിലേഴ്സ് ശ്രീമതി ലിസ്സി കൊച്ചുപുരയ്ക്കൽ, ശ്രമീതി മിനി നടപ്പുറം.

## ശാന്തിഗിരി യൂണിറ്റ്

ജൂലൈ 6 ന് ബഹു. ബിജു തൊണ്ടിപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ യോഗം ആരംഭിച്ചു. അന്നേദിവസം കുടുംബ പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി അച്ചൻ ക്ലാസ്സെടുത്തു. - അമ്മമാരുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചകളിലും 7.30 ന് ജപമാല ചൊല്ലുവാൻ തീരുമാനിച്ചു. ജൂലൈ 14 ന് നടന്ന ഫൊറോന ജനറൽ ബോഡിയോഗത്തിൽ പങ്കെടുത്തു. ഓഗസ്റ്റ് മാസത്തിലെ ക്ലാസിൽ 'മക്കളുടെ സ്വഭാവരൂപീകരണത്തിൽ അമ്മമാർക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് അച്ചൻ ക്ലാസെടുത്തു.

പുതിയ ഭാരവാഹികൾ ഡയറക്ടർ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, പ്രസിഡന്റ് ശ്രീമതി എത്സി കളപ്പുര, വൈസ് പ്രിസിഡന്റ് ശ്രീമതി വത്സമ്മ കളപ്പുര, സെക്രട്ടറി ശ്രീമതി ഗ്രേസി പടിയക്കണ്ടത്തിൽ, ജോയിന്റ് സെക്രട്ടറി ശ്രീമതി റിൻസി മണവാളത്ത്, ട്രഷർ ശ്രീമതി ആനി കോക്കപ്പള്ളി എന്നിവരാണ്. ഓഗസ്റ്റ് 4 ന് ശ്രീമതി ലൂസി കുപ്പക്കാട്ട് നൽകിയ ഒരു ചാക്ക് അരി ബോയ്സ്ടൗണിലെ കുട്ടികൾക്ക് എത്തിച്ചുകൊടുത്തു. ഓഗസ്റ്റ് 15-ന് പള്ളിയും, പരിസരവും വൃത്തിയാക്കി. അന്നേദിവസത്തെ വി. കുർബാനയ്ക്ക് കാഴ്ചവെപ്പിനും, ഗാനശുശ്രൂഷയ്ക്കും, വായനകൾക്കും അമ്മമാർ നേതൃത്വം നൽകി. ഓഗസ്റ്റ് 16 ന് ഫൊറോനയിൽ വെച്ച് നടന്ന വനിതാ സംഗമത്തിലും 13 അമ്മമാർ പങ്കെടുത്തു.

## പുതിയിടം യൂണിറ്റ്

ജൂലൈ 3 സമുചിതമായി ആഘോഷിച്ചു. ഇടവകയിലെ പ്രായാധിക്യത്തിലെത്തിയ മാതാപിതാക്കളെ വണ്ടിയിൽ കൊണ്ടുവരുവാൻ സംഘടനാംഗങ്ങൾ നേതൃത്വം വഹിച്ചു. ഫണ്ടുശേഖരണാർത്ഥവും, ടൗണിൽ പോകാതെ വീട്ടാവശ്യത്തിനായി തേങ്ങ ലഭിക്കുന്നതിനുമായി നാളികേര വിൽപ്പന നടത്തി. ധ്യാനസെന്ററുകളിലെ പ്രാർത്ഥനാശുശ്രൂഷകൾക്കുവേണ്ടി ചെയിൻ റോസറി നടത്തി.

## കാട്ടിക്കുളം യൂണിറ്റ്

ആഗസ്റ്റ് 3 ന് അമ്മമാർക്ക് വേണ്ടി രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. ബിനു വടക്കേൽ സെമിനാർ നടത്തി. യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോർജ് കിഴക്കുംപുറം സ്വാഗതവും പ്രസിഡന്റ് ശ്രീമതി കുഞ്ഞൂഞ്ഞമ്മ പൂവനാട്ട് നന്ദിയും പറഞ്ഞു.

## പുതിയ ഭാരവാഹികൾ

ഡയറക്ടർ റവ. ഫാ. ജോർജ് കിഴക്കുംപുറം, ആനിമേറ്റർ സി. ആനി ടോം, പ്രസിഡന്റ് കുഞ്ഞൂഞ്ഞമ്മ പൂവനാട്ട്, വൈസ്. പ്രസിഡന്റ് സെലിൻ വടക്കേൽ, സെക്രട്ടറി മിനി കരിമ്പനാക്കുഴി,

ജോയിന്റ് സെക്രട്ടറി മിനി കുരിശുപറമ്പിൽ, ട്രഷറർ മിനി കല്ലിങ്കൽ എന്നിവരെയും തെരഞ്ഞെടുത്തു. വി. കുർബാനയോടെ സെമിനാർ സമാപിച്ചു.

## നിലമ്പൂർ ഫൊറോനയിൽ പ്രേഷിതനിധി തന്ന/ തരാത്ത ഇടവകകൾ

ചോക്കാട്-5000, ഇടിവണ്ണ-2500, മൂലേപ്പാടം-1500, മുട്ടിയേൽ-1000, നിലമ്പൂർ-10000, പൂക്കോട്ടുംപാടം-2000, പൂളപ്പാടം-2500, തേൾപ്പാറ-1100, റ്റി.കെ.കോളനി-500, വടപുറം-2500, റൂബിനഗർ, വള്ളിക്കെട്ട്.

## തരിയോട് ഫൊറോനയിൽ പ്രേഷിതനിധി തന്ന/ തരാത്ത ഇടവകകൾ

ചെന്നലോട്-4320, കാവുംമന്ദം-2500, കുറുമ്പാല-600, തരിയോട് -4500, പുതുശ്ശേരിക്കടവ്-500, കോട്ടത്തറ, കുറുമണി, മഞ്ഞൂറ, മംഗളം, പന്തിപൊയിൽ.

## ബത്തേരി ഫൊറോന

ആഗസ്റ്റ് 11 ന് ബത്തേരി ഫൊറോന പള്ളിയിൽ വെച്ച് ഫൊറോന ഡയറക്ടർ ബഹു. ജോണി കാഞ്ഞിരംപറമ്പിൽ, ആനിമേറ്റർ സി.മെറീന എന്നിവരുടെ നേതൃത്വത്തിൽ ദമ്പതികൂട്ടായ്മ നടത്തി. വിവിധ ഇടവക കളിൽ നിന്നായി 150 പേർ പങ്കെടുത്തു. ജോണിയച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. സി. മെറിന നയിച്ച പ്രാർത്ഥനയോടെ സെമിനാ റിന് തുടക്കം കുറിച്ച് രൂപത ഡയറക്ടർ ബഹു. ഡെന്നീസച്ചൻ, അസി. ഡയറക്ടർ ബഹു. ഫാ. ബിനു വടക്കേൽ എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളി എല്ലാവർക്കും നന്ദിപറഞ്ഞു.

## മൂലങ്കാവ് യൂണിറ്റ്

ആഗസ്റ്റ് 18-ന് ബഹു. ഫാ. ഷാജി മുളവേലിക്കുന്നേൽ അമ്മ മാർക്കായി ക്ലാസ് നടത്തി. ആഗസ്റ്റ് 28 ന് മാതൃസംഘടനയുടെ നേതൃത്വ ത്തിൽ ഇടവകയിലെ മുഴുവൻ അമ്മമാർക്കും കുട്ടികൾക്കുമായി കായിക മത്സരങ്ങൾ നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു. ആഗസ്റ്റ് 18 ന് ചേർന്ന പൊതുയോഗത്തിൽ പുതിയഭാരവാഹികളെ തിരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ ഡയറക്ടർ ഫാ. ഷാജി മുളവേലിക്കു ന്നേൽ, പ്രസിഡന്റ് ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളിൽ, വൈ. പ്രസിഡന്റ് ശ്രീമതി മരിയ വട്ടക്കുന്നേൽ, സെക്രട്ടറി ശ്രീമതി ലിസ്സി വലിയതടത്തിൽ, ജോയിന്റ് സെക്രട്ടറി ശ്രീമതി മേരി പാറക്കൽ, ട്രഷറർ ശ്രീമതി ബിന്ദു അപ്പോഴിപറമ്പിൽ, കൗൺസിലേഴ്സ് ശ്രീമതി മേരി വെള്ളാമറ്റം, ശ്രീമതി വത്സ പുത്തൻപുരയ്ക്കൽ.

## ദീപ്തിഗിരി യൂണിറ്റ്

ആഗസ്റ്റ് 11 ന് പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായി ആനിമേറ്റർ സി. ആൻസില്ലയുടെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗിൽ ശ്രീമതി വത്സ പ്ലാക്കൽ സ്വാഗതം ആശംസിച്ചു. ബഹു. മനോജ് കാക്കോനാലച്ചൻ കുടുംബഭദ്രത എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. 75 അമ്മമാർ പങ്കെടുത്തു. സെക്രട്ടറി ഷീജ കണ്ടത്തിക്കുടിയുടെ നന്ദിയോടെ മീറ്റിംഗ് സമാപിച്ചു.

## ഏലപ്പീടിക യൂണിറ്റ്

ബഹു. സജി കൊച്ചുപാറ അച്ചന്റെ നേതൃത്വത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. ശ്രീമതി സോണിയ തളിയത്ത്, എല്ലാവർക്കും സ്വാഗതം ആശംസിച്ചു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഓഗസ്റ്റ് 15 ന് അമ്മമാരുടെ നേതൃത്വത്തിൽ കാഴ്ചസമർപ്പണം നടത്തി. വി.കുർബാനയിലും അമ്മമാർ സജീവമായി പങ്കെടുത്തു. വിവിധങ്ങളായ ഓണാഘോഷപരിപാടികൾ നടത്തി. വിജയികൾക്ക് വികാരിയച്ചൻ സമ്മാനങ്ങൾ നൽകി. സെപ്റ്റംബർ 8 ന് ഒരുക്കമായി അമ്മമാർ പള്ളി വൃത്തിയാക്കുകയും മാതാവിനെ അലങ്കരിക്കുകയും ചെയ്തു. വാർഡ് തലത്തിൽ അമ്മമാർ കാഴ്ചവസ്തുക്കൾ സമർപ്പിക്കുകയും 8-ാം ദിവസം പാച്ചോറ് വിതരണം നടത്തുകയും ചെയ്തു. രോഗീസന്ദർശനം നടത്തി.

## പൂളപ്പാടം യൂണിറ്റ്

എല്ലാ ആദ്യവെള്ളിയാഴ്ചയും മീറ്റിംഗ് നടത്തുന്നു. ആഗസ്റ്റ് 3 ന് മീറ്റിംഗ് നടത്തി. ബഹു. ബിജു മാവറ അച്ചൻ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട അമ്മാരെ പരിജയപ്പെടുത്തി. 60 ഓളം അമ്മമാർ പങ്കെടുത്തു. മിനി ഓലിക്കൽ, ഷൈനി വടക്കേടത്ത്, സി. കൃപ എന്നിവർ നേതൃത്വം നൽകി. നിലമ്പൂർ ഫൊറോനയിൽ വെച്ച് നടത്തിയ ദമ്പതി സെമിനാറിൽ 26 ഓളം അമ്മമാർ പങ്കെടുത്തു. ഒരു ഡിന്നർസെറ്റ് കുറി നടത്തുന്നു. ശ്രീമതി ലിസ്സി വിലങ്ങുപാറയാണ് അതിന് നേതൃത്വം നൽകുന്നത്. 60 കുടുംബങ്ങൾ അതിൽ പങ്കെടുത്തു. സെപ്റ്റംബർ 29 ന് നടക്കുവാൻ പോകുന്ന ചെയിൻ റോസറി സമാപനത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചു. സെപ്റ്റംബർ 8 ന് അമ്മമാരുടെ നേതൃത്വത്തിൽ തിരുനാൾ ആഘോഷിച്ചു. കാഴ്ചവെപ്പ്, നേർച്ചഭക്ഷണം എന്നിവയ്ക്ക് അമ്മമാർ നേതൃത്വം കൊടുത്തു.

## പയ്യമ്പള്ളി ഫൊറോന

ആഗസ്റ്റ് 2 ന് ഫൊറോന ഡയറക്ടർ ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ആനിമേറ്റേഴ്സ് സംഗമവും, ഫൊറോന എക്സി

ക്യൂട്ടീവും ചേർന്നു. 11 ശാഖകളിൽ നിന്നു പങ്കെടുത്തു. ശാഖാ പ്രവർത്തനങ്ങളെ വിലയിരുത്തി. ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. സെപ്റ്റംബർ 22 ന് പയ്യമ്പള്ളി ശാഖയിൽ വെച്ച് ബഹു. ചാണ്ടി യച്ചൻ നയിക്കുന്ന ക്ലാസും ഇലക്ഷനും നടത്തുവാൻ തീരുമാനിച്ചു. ഒക്ടോബർ മാസത്തിലെ അഖണ്ഡജപമാല എല്ലാ ശാഖകളും ഏറ്റെടുത്തു. യോഗത്തിൽ പ്രസിഡന്റ് മോളി സ്വാഗതവും സി. ആൻ റോസ് എസ്.എച്ച്. നന്ദിയും അർപ്പിച്ചു.

**ഒണ്ടയങ്ങാടി യൂണിറ്റ്**

ആനിമേറ്റർ സി. ആൽഫിയുടെ നേതൃത്വത്തിൽ ചേർന്ന മീറ്റിംഗിൽ ശാഖാ ഇലക്ഷൻ നടത്തി. സെപ്റ്റംബർ 1 മുതൽ 8 വരെ അമ്മമാരുടെ നേതൃത്വത്തിൽ കൊന്ത ചൊല്ലുകയും 8 ന് കാഴ്ചവയ്പ്പോടെ വി.ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. അമ്മമാർ വസ്ത്രങ്ങൾ ശേഖരിച്ച് സമരിറ്റൻ ഭവനവും കരുണാഭവനവും സന്ദർശിച്ച് പ്രാർത്ഥിച്ചു. എല്ലാ വെള്ളികളിലും ഇടവകയ്ക്ക് വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലി കാഴ്ച വെച്ചു. ഗവ. ഹോസ്പിറ്റൽ സന്ദർശിക്കുകയും ഒരു രോഗിക്ക് സാമ്പത്തിക സഹായം നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തു.

പുതിയ ഭാരവാഹികൾ: പ്രസിഡന്റ് ശ്രീമതി ഷൈല നരിപ്പാറ, വൈ.പ്രസിഡന്റ് ശ്രീമതി ഗ്രേസി മൂത്തേടത്ത്, സെക്രട്ടറി ശ്രീമതി ഫിലോ ചേലയ്ക്കൽ, ജോ. സെക്രട്ടറി ശ്രീമതി മേരി മുട്ടത്ത്, ട്രഷറർ ശ്രീമതി ഷേർളി പാറേക്കുടി, കൗൺസിലേഴ്സ് ശ്രീമതി ലൂസി കാരക്കട, ശ്രീമതി ജൂഡിത്ത് പുതുശ്ശേരി, ശ്രീമതി ജെസി കൊടിയംകുന്നേൽ, ശ്രീമതി സോളി കൊടിയംകുന്നേൽ, ശ്രീമതി സ്വപ്ന പേടപ്പാട്ട്.

**പടമല യൂണിറ്റ്**

വി.കുർബാനയ്ക്ക് ശേഷം ഡയറക്ടർ ബഹു. സണ്ണിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. രണ്ടാമത്തെ വെള്ളിയാഴ്ച അമ്മമാരുടെ നേതൃത്വത്തിൽ ഗവ. ആശുപത്രിയിൽ ഭക്ഷണം നൽകി. ഓഗസ്റ്റ് 1 മുതൽ 15 വരെ കൊന്തചൊല്ലി പ്രാർത്ഥിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ മത്സരത്തിൽ പങ്കെടുത്തു. ഓണസദ്യ നൽകുകയും ചെയ്തു. ഇടവകയിലെ കിടപ്പ് രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

**പോരൂർ യൂണിറ്റ്**

ആഗസ്റ്റ് 3 ന് ബഹു. ചാക്കോച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി കഴിഞ്ഞ പ്രവർത്തനങ്ങളെ വിലയിരുത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. 15 നോമ്പ്, 8 നോമ്പ് ഈ ദിവസങ്ങളിൽ ജപമാലയ്ക്ക് അമ്മമാർ നേതൃത്വം കൊടുത്തു. 8 നോമ്പിന് എല്ലാവരും പൊതുദിവ്യകാരുണ്യ സ്വീകരണവും കാഴ്ചവെയ്പ്പും നടത്തി. നേർച്ച ഭക്ഷണം

ഉണ്ടാക്കാൻ സഹായിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. ഇടവക കൂട്ടായ്മയിൽ നിന്നു മരിച്ചുപോയ അമ്മച്ചിക്ക് റീത്ത് സമർപ്പിച്ചു പ്രാർത്ഥിച്ചു.

## നിലമ്പൂർ ഫൊറന

ജൂൺ 11 ന് വനിതാ സംഗമം നടത്തി. വിവിധ ഇടവകകളിൽ നിന്നായി 120 പേർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ബഹു. ഫാ. ബിജു മാവറയുടെ അദ്ധ്യക്ഷതയിൽ ഫൊറോന വികാരി ഫാ. പോൾ കൂട്ടാല വനിതാ സംഗമം ഉൽഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചനും ടീമും ക്ലാസുകൾ നയിച്ചു. ആനിമേറ്റർ സി.തെരേസ് എസ്.കെ.ഡി., ശ്രീമതി ഗ്രേസി, ശ്രീമതി റ്റാജ് തുടങ്ങിയവർ നേതൃത്വം നൽകി.

## മുട്ടിയേൽ യൂണിറ്റ്

ജൂലൈ 28 ന് ഫൊറോന ടീം സന്ദർശനം നടത്തുകയും മീറ്റിംഗ് നടത്തുകയും ചെയ്തു. ഓഗസ്റ്റ് 25 ന് ഫൊറോനയിലുള്ള യുവ ദമ്പതികൾക്കായി പ്രോലൈഫ് സെമിനാർ സംഘടിപ്പിച്ചു. 150 ദമ്പതികൾ പങ്കെടുത്തു. റവ. ഫാ. ജോസ് തേക്കനാടി ഉൽഘാടനം ചെയ്തു. ഡയറക്ടർ ബഹു. ഫാ. ബിജു മാവറ സ്വാഗതവും ശ്രീമതി റ്റാജ് നന്ദിയും പറഞ്ഞു.

## വടപുറം യൂണിറ്റ്

നിലമ്പൂർ ഫൊറോനയിൽ പുതിയ യൂണിറ്റ് ആരംഭിച്ചു. ഫൊറോന ഡയറക്ടർ ബഹു. ഫാ. ബിജു മാവറ ഉൽഘാടനം ചെയ്തു. ഭാരവാഹികളെ തെരഞ്ഞെടുത്തു. സെപ്റ്റംബറിൽ നിലമ്പൂർ ഫൊറോനയുടെ ചെയിൻ റോസറി റൂബി നഗറിൽ ആരംഭിച്ചു. സമാപനം പൂളപ്പാടം ഇടവകയിൽ സെപ്റ്റംബർ 29 ന് വിവിധ ഇടവകയിലെ അമ്മമാർ ഒന്നു ചേർന്ന് വി. ബലിക്കും ജപമാലയ്ക്കും പങ്കെടുത്ത് ചെയിൻ റോസറിക്ക് സമാപനം കുറിക്കും.

## മരിയൻ സിംഗിൾസ്

സെപ്റ്റംബർ 21 ന് ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെയും, സി.മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഒക്ടോബർ 9 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2012 ആഗസ്റ്റ് 31 ആദ്യശനിയുടെ തലേദിവസം സിയോൻ ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി ഒന്നിച്ചുചേർന്നു. 9.45 ന് കുരിശിന്റെ വഴി നടത്തിക്കൊണ്ട് ആരംഭിച്ചു. 10.45 മുതൽ 12 മണിവരെ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തി. 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ദൈവരാജ്യത്തിൽ സ്വർഗ്ഗീയ വിരുന്നിൽ പങ്കുചേരാൻ കഴിയണം എന്ന ചിന്ത നമ്മെ നയിക്കണം. ഭൗതിക വസ്തുക്കൾ, വ്യക്തികൾ മുതലായവ വിരുന്നിന് തടസ്സമാകാം. സിയോൻ ശുശ്രൂഷകർ എല്ലാവരും തന്നെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പോയി ഈ വർഷത്തെ ടീം ധ്യാനം കൂടി വന്നു. എല്ലാവരും ഒരുമിച്ച് ചേർന്ന് പ്രാർത്ഥിച്ചു. ആഗസ്റ്റ് 28 ന് നാമഹേതുക തിരുനാൾ ആഘോഷിച്ച ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് കോ-ഓർഡിനേറ്റർ പൂവ് നൽകി തിരുനാൾ മംഗളം ആശംസിച്ചു.

## ജാഗരണ പ്രാർത്ഥന

6.30 ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 7 pm ന് ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി. ബലി അർപ്പിച്ചു. വചനം പങ്കു വെച്ചു. ദൈവരാജ്യത്തിലെ വിരുന്ന് 2 തരം ഉണ്ട്. 1) മരണശേഷം ലഭിക്കുന്നത്. 2)ജീവിച്ചിരിക്കുമ്പോൾ വി. കുർബാനയാകുന്ന വിരുന്ന് തമ്പുരാന്റെ ബലിപീഠത്തിനു മുമ്പിൽ നിലവിളിച്ച്, പുത്രന്റെ ബലി സമർപ്പിച്ച് താണുവീണ് പ്രാർത്ഥിക്കുമ്പോൾ പിതാവ് നമ്മുടെ പ്രാർത്ഥന കേൾക്കും. ഏശയ്യ 66:2 ഹൃദയത്തിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം കേൾക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുക. പരസ്പരമുള്ള എളിമ, വിധേയത്വം,

കൂട്ടായ്മ എന്നിവ ഉണ്ടാകണം. ദൈവം തരുന്ന ആഭരണങ്ങളാണ് വരങ്ങൾ. വി. ബലിക്കുശേഷം അത്താഴം. തുടർന്ന് കുരിശിന്റെ വഴി നടത്തി. അതിനുശേഷം 12 മണിവരെ ബഹു. താന്നിയിൽ അച്ചനും, സിയോൻ ടീമും ചേർന്ന് ആരാധന നടത്തി. കർത്താവ് തന്റെ കൃപയും അനുഗ്രഹവും ജാഗരിച്ച് പ്രാർത്ഥിച്ച മക്കൾക്കും അവരുടെ കുടുംബ ങ്ങൾക്കും നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ 1-9-2012**

6.00 am ന് പരി. അമ്മയുടെ സന്നിധിയിൽ ബഹു. ഡയറക്ടർ അച്ചനോടൊപ്പം ശുശ്രൂഷകർ എത്തി. സിയോൻ ഹാളിനെയും പരി സരങ്ങളെയും വെഞ്ചരിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിത രൂപവും പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ച് പ്രദക്ഷിണമായി സിയോൻ ഹാളിലൂടെ നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. അച്ചൻ വചന സന്ദേശവും നിർദ്ദേശങ്ങളും തന്ന് ശുശ്രൂഷകരെ പ്രാർത്ഥിച്ച് ശാക്തീ കരിച്ചു. പിന്നീട് ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.45 ന് സ്റ്റേജിൽ ജപമാല, സപ്ര, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷകൾ നടത്തി. 10.30 ന് റവ. ഫാ. തോമസ് അറയ്ക്കൽ O.Pream വചനം പങ്കുവെച്ച് ക്ലാസ്സെടുത്തു. 12.10 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും ബഹു. തോമസ് അറയ്ക്കലച്ചനും, ബഹു. റെജി അച്ചനും ചേർന്ന് സമൂഹബലി അർപ്പിച്ചു. വി. ബലിയ്ക്കുശേഷം അനുഗ്രഹ സാക്ഷ്യങ്ങളായിരുന്നു. ലഘുഭക്ഷണം കഴിച്ച് ദൈവജനം ദിവ്യ കാരുണ്യ ആരാധനയ്ക്കായി, അനുഗ്രഹലബ്ധിക്കായി പ്രതീക്ഷിച്ച് ബഥ്സയിദാ കുളക്കരയിൽ കിടന്ന രോഗികളെപ്പോലെ വിശ്വാസ ത്തോടെ തിരുസന്നിധിയിൽ ഇരുന്നു. ദിവ്യകാരുണ്യ ആരാധയ്ക്കും സൗഖ്യപ്രാർത്ഥനയ്ക്കും ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും നിരവധി വൈദികരുടെ സാന്നിധ്യവും അനുഗ്രഹവും പ്രാർത്ഥനയും ശക്തി പകർന്നു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ദിവ്യകാരുണ്യനാഥനെ സംവഹിച്ചു. പ്രഭാതം മുതൽ ശുശ്രൂഷകൾ അവസാനിക്കുന്നതുവരെ സിയോൻ ചാപ്പലിലും സ്റ്റേജിനു പുറകിലുള്ള ചാപ്പലിലും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസര മൊരുക്കി. കർത്താവിന്റെ സ്പർശനവും സാന്നിധ്യവും അനുഭവിച്ച് സംതൃപ്തരായ ജനം നാഥന് സ്തുതിഗീതങ്ങൾ പാടി ഭവനങ്ങളിലേക്ക് മടങ്ങി.

**സിയോൻ ദിനം 7-9-12**

പരി. അമ്മയുടെ തിരുനാളിന് ഒരുക്കമായി ഈ ദിവസം സിയോൻ ശുശ്രൂഷകർ പ്രാർത്ഥനയിൽ ചെലവഴിച്ചു. 10 am ന് ആരംഭിച്ച കുരിശിന്റെ വഴി, ജപമാല, ആരാധന എന്നീ ആത്മീയ ശുശ്രൂഷകളിലൂടെ ഒരുങ്ങി. 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വി. ബലിക്കുശേഷം ശുശ്രൂഷകൾ കൂടുതൽ അഭിഷേകത്തോടെ ചെയ്യുവാൻ വേണ്ട കാര്യങ്ങൾ പങ്കുവെയ്ക്കുകയും നിർദ്ദേശങ്ങൾ തന്ന് ബഹു. അച്ചൻ ശുശ്രൂഷകരെ പ്രബുദ്ധരാക്കുകയും ചെയ്തു. ഒരു ആദ്യവെള്ളി, ആദ്യശനി ശുശ്രൂഷകൾ കഴിഞ്ഞ് അടുത്ത ശുശ്രൂഷയ്ക്കായി ത്യാഗപൂർവ്വം പ്രാർത്ഥിച്ച് ഒരുങ്ങണം. 2013 ഏപ്രിൽ 15-18 വരെ ബഹു. സേവ്യർഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിൽ സിയോനിൽ ബൈബിൾ കൺവെൻഷൻ നടത്തും. ഇതിനുവേണ്ടി ഒക്ടോബർ 15 മുതൽ ആഴ്ചയിൽ ഒരു ദിവസം സിയോനിൽ വന്ന് മുടങ്ങാതെ പ്രാർത്ഥിക്കണം. പാച്ചോറു സദ്യയിൽ എല്ലാവരും പങ്കുകൊണ്ടു.

**രണ്ടാംശനി ശുശ്രൂഷകൾ 8-9-12 ദമ്പതീകൂട്ടായ്മ**

മാതാവിന്റെ പിറവി തിരുനാൾ ദിനം 27 പേർ കൂട്ടായ്മയിൽ പങ്കെടുത്തു. 10 ന് ജപമാല പ്രാർത്ഥനയ്ക്കുശേഷം 10.30 ന് ബഹു. ജോസഫ് നെച്ചിക്കാട്ട് അച്ചൻ കുടുംബം, കുടുംബത്തിന്റെ മഹത്വം എന്നീ വിഷയങ്ങളെപ്പറ്റി ക്ലാസ്സെടുത്തു. ക്രിസ്ത്യാനിയുടെ വിവാഹബന്ധം ഒരു ബാധ്യതയാണ് ബഹു. അച്ചൻ അനുസ്മരിപ്പിച്ചു. 11.45 ന് ബഹു. നെച്ചിക്കാട്ടച്ചൻ വി. ബലി അർപ്പിച്ചു. തുടർന്ന് ചർച്ച നടത്തി. പല ഇടവകകളിലും മാതാവിന്റെ തിരുനാൾ ആഘോഷമായി കൊണ്ടാടുന്നതിനാൽ 1.30 ന് കൂട്ടായ്മ അവസാനിപ്പിച്ചു.

**കൗൺസിലിംഗ് ശുശ്രൂഷ**

പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് രാവിലെ 9.30 മുതൽ കൗൺസിലിംഗ് ആരംഭിച്ചു. 75 പേർ വന്ന് കൗൺസിലിംഗ് ശുശ്രൂഷ സ്വീകരിച്ച് സന്തോഷവും സമാധാനവും സൗഖ്യവും നേടി പോയി.

**സൗഖ്യദിനം 15-9-2012**


10 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. ധാരാളം രോഗികൾ ശുശ്രൂഷയിൽ പങ്കെടുത്തു.

ആരാധനയും നന്ദിയും സ്തുതിയും അർപ്പിച്ചും കുമ്പസാരം, കൗൺസി ലിംഗ് എന്നിവ നടത്തിയും ഒരുങ്ങിയ ദൈവമക്കൾ 12 മണിക്ക് ബഹു. താന്നിയിൽ അച്ചൻ അർപ്പിച്ച ദിവ്യബലിയിൽ പങ്കുകൊണ്ടു. ദിവ്യബ ലിക്കുശേഷം സൗഖ്യപ്രാർത്ഥനയും അഭിഷേക പ്രാർത്ഥനയും നടത്തി.

**സിയോൻ ഒക്ടോബർ മാസത്തിൽ**

| | |
|---|---|
| 5 ആദ്യവെള്ളി | – സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 6 ആദ്യശനി | – ഏകദിന കൺവെൻഷൻ, കൗൺസിലിംഗ് |
| 13 രണ്ടാംശനി | – കൗൺസിലിംഗ്, ദമ്പതീകൂട്ടായ്മ<br>യുവജന കൂട്ടായ്മ |
| 19 മൂന്നാം വെള്ളി | – ജാഗരണപ്രാർത്ഥന |
| 27 നാലാം ശനി | – സൗഖ്യ ദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. 2012 ആഗസ്റ്റ് മാസം 27, 28 തീയതികളിൽ അമ്പായത്തോട് ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. 80 കുട്ടികൾ ധ്യാനത്തിൽ സംബന്ധിച്ചു. ഫാ. മനോജ് കാക്കോനാൽ, സി. ധന്യ എസ്.കെ.ഡി., ജൂബിൻ പുലിമല എന്നിവർ ക്ലാസുകൾ നയിച്ചു.
2. 27-8-2012 ന് വൈകുന്നേരം ടീം ട്രെയിനിംഗിന് ഒരുക്കമായി ജീസസ് യൂത്ത് ലീഡേഴ്സ് ദീപ്തിഗിരിയിൽ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു. വി.കുർബാനയിലും ആരാധനയിലും തീഷ്ണതയോടെ പങ്കുചേർന്നു.
3. ഈ വർഷത്തെ ജീസസ്യൂത്ത് ലീഡേഴ്സ് ട്രെയിനിംഗ് ആഗസ്റ്റ് 28, 29, 30, 31 തീയതികളിൽ ബോയ്സ് ടൗണിൽ വച്ചു നടത്തപ്പെട്ടു. 32 പേർ ട്രെയിനിംഗിൽ സംബന്ധിച്ചു. ഫാ. മനോജ് കാക്കോനാൽ, സി. അനിറ്റ H.C., ശ്രീ. ബൈജു കൊച്ചുകുടിയിൽ, ലിന്റ പതിക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.
4. ടീം മീറ്റിംഗിനും ജാഗരണ പ്രാർത്ഥനയ്ക്കുമായി ടീം അംഗങ്ങൾ സെപ്റ്റംബർ 7 വെള്ളിയാഴ്ച വൈകിട്ട് സീയോൻ ചാപ്പലിൽ ഒന്നിച്ചുകൂടി. 45 അംഗങ്ങൾ പങ്കെടുത്തു.
5. രണ്ടാംശനി യുവജന കൂട്ടായ്മ 8-9-2012 ന് സീയോൻ ചാപ്പലിൽ നടന്നു. ഒക്ടോബറിൽ നടക്കുന്ന കോളേജ് കുട്ടികളുടെ ധ്യാനത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഈ വർഷം ട്രെയിനിംഗ് കഴിഞ്ഞ് വന്ന ലീഡേഴ്സ് സ്തുതി ആരാധനയ്ക്ക് നേതൃത്വം നൽകി. ഫാ. മനോജ് കാക്കോനാൽ വി. ബലി അർപ്പിക്കുകയും ദിവ്യകാരുണ്യ ആരാധന നയിക്കുകയും ചെയ്തു.

ജീസസ് യൂത്ത് മാനന്തവാടി സോൺ ഒരുക്കുന്ന

## ''WIND OF GRACE''

(+1, +2, കോളേജ് കുട്ടികൾക്ക് വേണ്ടിയുള്ള യുവജന ധ്യാനം)

ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽ

2012 ഒക്ടോബർ 19 മുതൽ 24 വരെ.

(ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 പേർക്ക് മാത്രം)

ഫീസ് : 450 രൂപ.

രജിസ്ട്രേഷൻ:

**ഫാ. മനോജ് കാക്കോനാൽ – 9446889469**

**ഷിജോ – 9995251268**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

നമ്മൾ ജപമാല ഭക്തിയുടെ മാസമായ ഒക്ടോബറിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഇടവക ദേവാലയങ്ങളിലെ 10 ദിവസത്തെ പ്രത്യേക പ്രാർത്ഥനാ ദിനങ്ങളിൽ സംഖ്യാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടുക്കുകയും മറ്റെല്ലാ നിയോഗങ്ങളോടൊപ്പം വിൻസെൻഷ്യൻ സംഘടനയ്ക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു.

**AGM യോഗം**

സെപ്റ്റംബർ 14, 15, 16 തീയതികളിൽ മംഗലാപുരം പാസ്റ്ററൽ സെന്ററിൽ വെച്ച് സംഘടനയുടെ ആനുവൽ ജനറൽ ബോഡീ മീറ്റിംഗ് (AGM) നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് സി.സി. പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങൻ പങ്കെടുത്തു. വിദേശത്തേയ്ക്ക് അയയ്ക്കുന്ന കത്തുകളുടെ കുറവ് നമുക്ക് ലഭിക്കുന്ന ടിന്നിംഗ് ഗ്രാന്റിനെ നല്ലവണ്ണം ബാധിക്കുന്നതായി പ്രസ്തുത ജനറൽ ബോഡി യോഗം വിലയിരുത്തി. നമ്മുടെ സിസിയിൽ തന്നെ 2 കോൺഫ്രൻസുകളുടെ ടിന്നിംഗ് ഈ കാരണത്താൽ തടയപ്പെടുന്ന സ്ഥിതിയിലാണുള്ളത്. കത്തുകൾ അയ്ക്കാത്ത പക്ഷം മറ്റു കോൺഫ്രൻസുകൾക്കും ഈ സ്ഥിതിവിശേഷം സംജാതമാകുമെന്ന് ഖേദപൂർവ്വം അറിയിക്കട്ടെ. 'നമുക്ക് നൽകുന്ന സഹായങ്ങൾക്ക് നന്ദിയുടെ ഒരു വാക്ക് എഴുതി അറിയിക്കാത്തവർക്ക് ഇനി മുതൽ ടിന്നിംഗ് ഇല്ലാ' എന്നാണ് നാഷണൽ പ്രസിഡന്റ് അറിയിച്ചിരിക്കുന്നത്. അതുകൊണ്ട് എ.സി. പ്രസിഡന്റുമാർ ഈ വിവരം കോൺഫ്രൻസുകളെ അറിയിച്ച് കത്തുകൾ അയ്ക്കുവാൻ ശ്രദ്ധിക്കുക.

കത്തിന്റെ ഒരു കോപ്പി സി.സി. യിൽ കൊടുക്കുവാൻ വേണ്ടി അടുത്ത സി.സി. യോഗത്തിൽ വരുമ്പോൾ കൊണ്ടുവരണം.

**അറിയിപ്പുകൾ**

1. 21-7-12 സി.സി. ഓഫീസിൽ നിന്ന് നൽകിയ എ.സി. കോൺഫ്രൻസ് അടിസ്ഥാനമാക്കിയ പെർഫോമ ഇനിയും നൽകാത്ത എ.സി.കൾ അടുത്ത സി.സി. യോഗത്തിൽ നിർബന്ധമായും കൊണ്ടുവരേണ്ട താണ്.
2. കോൺഫ്രൻസുകളുടെ സൗകര്യാർത്ഥം കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതിനുവേണ്ടി പുതിയ സ്കോളർഷിപ്പ് അപേക്ഷ സ്വീക രിക്കുന്ന സമയം ഒക്ടോബർ ഏഴു വരെ നീട്ടുകയാണ്. ഈ വർഷം വിവിധ കോഴ്സുകളിൽ ചേർന്ന കുട്ടികളുടേയും അപേക്ഷ സ്വീക രിക്കുന്നതാണ്.
3. KRCC യുവജന മത്സരങ്ങൾ ഈ വർഷവും മുൻ വർഷങ്ങളിലേതു പോലെ നടക്കുന്നതാണ്. 30 വയസ്സിന് താഴെ പ്രായമുള്ളവർക്കാണ് പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത. വിശദവിവര ങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
4. ഓസ്സാനാം ബുള്ളറ്റിൻ ഇനി മുതൽ കോൺഫ്രൻസിലെ ഓരോ അംഗത്തിനും ലഭിക്കുന്നതാണ്. 20 രൂപയാണ് വാർഷിക വരി സംഖ്യ. എ.സി. പ്രസിഡന്റുമാർ ഒരു അംഗത്തിന് 20 രൂപ എന്ന ക്രമത്തിൽ കണക്കാക്കി തുക സ്വരൂപിച്ച് സി.സി. ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അതുപോലെ ആവശ്യമുള്ള ഡയറിയുടെ തുകയും എത്രയും വേഗം ഓഫീസിൽ അടയ്ക്കേണ്ടതാണ്.
5. നവംബർ 16, 17 തീയതികളിൽ കോഴിക്കോട് എരഞ്ഞിപ്പാലം റിന്യൂ വൽ സെന്ററിൽ വെച്ച് നടക്കുന്നു. എല്ലാ എ.സി. പ്രസിഡന്റുമാരും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**നടവയൽ എ.സി.**

| | | |
|---|---|---|
| 1. സെന്റ് മേരി കേണിച്ചിറ | - | 16-10-12 |
| 2. സെന്റ് സെബാസ്റ്റ്യൻ കേണിച്ചിറ | - | 18-10-12 |
| 3. ഇൻഫന്റ് ജീസ്സസ് നടവയൽ | - | 20-10-12 |
| 4. സെന്റ് മേരി നടവയൽ | - | 22-10-12 |
| 5. സെന്റ് അൽഫോൻസ നെയ്ക്കുപ്പ | - | 24-10-12 |

6. സെന്റ് ജോസഫ് നെയ്ക്കുപ്പ - 26–10–12
7. സെന്റ് മേരി വാളവയൽ - 27–10–12
8. സെന്റ് ജോസഫ് കല്ലുവയൽ - 29–10–12
9. സെന്റ് മേരീസ് കല്ലുവയൽ - 31–10–12

**പാടിച്ചിറ എ.സി.**

10. മേരി മാതാ കബനിഗിരി - 1–11–12
11. ഇൻഫന്റ് ജീസസ് കബനിഗിരി - 5–11–12
12. സെന്റ് മേരീസ് മരക്കടവ് - 7–11–12
13. സെന്റ് ജോസഫ് മരക്കടവ് - 9–11–12
14. ലിറ്റിൽ ഫ്ളവർ പാടിച്ചിറ - 13–11–12
15. സെന്റ് സെബാസ്റ്റ്യൻ പാടിച്ചിറ –15–11–12

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# ജയിൽ മിനിസ്ട്രി



മഴത്തുള്ളിക്കിലുക്കങ്ങൾ മണ്ണിന് ആനന്ദമാണ്. ഇതുപോലെ ചടുലമായ, ഹൃദ്യമായ താളങ്ങൾ ഏതൊരു നീറുന്ന മനസ്സിനും ആഹ്ലാദം പകരുന്നവയാണ്. അത് കെ.സി.വൈ.എം. പ്രവർത്തകരുടേ താകുമ്പോൾ സന്തോഷം ഇരട്ടിയാകുന്നു. സെപ്റ്റംബർ 2-ാം തീയതി വൈത്തിരി സബ്ജയിലിലേയ്ക്ക് സന്ദർശനത്തിനായി വന്നത് വെള്ളൂന്നി പള്ളിയിൽ നിന്നും ബഹുമാനപ്പെട്ട കൊട്ടാരം ജോസച്ച ന്റേയും കെ.സി.വൈ.എം. ആനിമേറ്റർ ബഹുമാനപ്പെട്ട സി. റോസ്മി എസ്.എച്ച്. ന്റേയും നേതൃത്വത്തിൽ കെ.സി.വൈ.എം. പ്രവർത്തകരാ യിരുന്നു. യുവജനങ്ങളുടെ സാന്നിധ്യം എവിടെയും യുവത്വം നൽകുന്നു. അവരുടെ ചിന്ത, പ്രവൃത്തി, കല, സംസാരം എല്ലാം യുവത്വത്തിൽ അധിഷ്ഠിതം. ഇത് തടവറ മക്കളുടെ മുമ്പിലാകുമ്പോൾ അവരും യുവ ത്വത്തെ കുറിച്ച് ചിന്തിക്കും, ഒരുവേള മനസ്സ് തിരിച്ച് നന്മയിലേക്ക് യാത്ര യാവും. വിവിധ കലാപരിപാടികളിലൂടെ വിരുന്നൊരുക്കിയ ഈ യുവ ജനപ്രേഷിതർക്ക് ആത്മാർത്ഥമായ നന്ദി. ബഹുമാനപ്പെട്ട ജോസച്ചനും സി. റോസ്മിക്കും രൂപതാ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ ഹൃദയം നിറഞ്ഞ നന്ദി. വൈത്തിരി എസ്.എച്ച്. സിസ്റ്റേഴ്സിനും സാന്നിധ്യത്തിനും സഹാ യത്തിനും നന്ദി.

**16-09-2012**

ജയിൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന വൈത്തിരി സബ്ജയിൽ സന്ദർശനത്തിനായി 2012 സെപ്റ്റംബർ 16-ന് വന്നത് കൽപ്പറ്റ മേഖല കെ.സി.വൈ.എം. പ്രവർത്തകരായിരുന്നു. മേഖലാ ഡയ റക്ടർ ബഹു. റോജി കഴുകനോലിയ്ക്കൽ സി.എം.ഐ. അച്ചനും മേഖല ആനിമേറ്റർ ബഹു. സി. മേഴ്സി ജോബ് എസ്.എ.ബി.എസ്. ഉം സന്ദർശനത്തിന് നേതൃത്വം നൽകി. മേഖല നേതൃത്വത്തോടൊപ്പം

കൽപ്പറ്റ, നെടുമ്പാല, റിപ്പൺ, തെനേരി, വൈത്തിരി യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. എടപ്പെട്ടി കോൺവെന്റിൽ നിന്നും കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. യുവജനങ്ങളുടെ കലാപരിപാടികളും തടവുകാരുടെ കലാപരിപാടികളും സന്ദർശനത്തിന് മിഴിവേകി. യൂണിറ്റ് ആനിമേറ്റർമാരായ ബഹു. സിസ്റ്റേഴ്സ് റോസ്ന എസ്.സി.വി. (കൽപ്പറ്റ), ലൂസി തറപ്പത്ത് എസ്.എച്ച്. (വൈത്തിരി), വൈത്തിരി എസ്.എച്ച്. സിസ്റ്റേഴ്സ് സന്ദർശനത്തിൽ പങ്കെടുത്തു. താത്പര്യത്തോടെ സന്ദർശനത്തിന് വന്ന ബഹു. റോജി അച്ചനും ടീമിനും രൂപതാ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

## സമഗ്ര ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ഓണാഘോഷം സംഘടിപ്പിച്ചു. കുഞ്ഞോം ഗവൺമെന്റ് യു. പി. സ്കൂളിൽ വെച്ചുനടന്ന ഓണാഘോഷ പരിപാടിയിൽ വിവിധ കോളനികളിൽ നിന്നുള്ള പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കായി കാലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. പൂക്കളമത്സരം, വടംവലി, കസേരകളി, ഓണപ്പാട്ട്, ബലൂൺപൊട്ടിക്കൽ, തവളചാട്ടം തുടങ്ങിയ മത്സര ഇനങ്ങളാണ് സംഘടിപ്പിച്ചത്.

## നീർത്തട വികസന പദ്ധതി

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മട്ടിലയം നീർത്തട പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഓണാഘോഷ പരിപാടി നടത്തി. പൂക്കളമത്സരം, ഓണപ്പാട്ട്, അമ്പെയ്ത്ത്, വടംവലി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. ഓണാഘോഷപരിപാടിയുടെ സമാപനസമ്മേളനത്തിൽ വെച്ച് കഴിഞ്ഞ വർഷം SSLC പ്ലസ്ടു എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കുള്ള ക്യാഷ് അവാർഡ് വിതരണം ചെയ്തു.

വയനാട് ജില്ലയിൽ നീർത്തട വികസന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ സന്നദ്ധ സംഘടനകൾ ചേർന്ന് സുൽത്താൻ ബത്തേരി ശ്രേയസിൽ നടത്തിയ ഓണാഘോഷ മത്സരങ്ങളിൽ WSSS ടീം പങ്കെടുക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## വനിതാ സ്വാശ്രയസംഘം - ബ്ലോക്ക്തല സെമിനാർ

കേന്ദ്ര ഗവൺമെന്റ് ധനകാര്യമന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം രാജ്യത്തെ പിന്നോക്ക ജില്ലകളിൽ നടപ്പിലാക്കിവരുന്ന വനിതാ

സ്വാശ്രയസംഘങ്ങളുടെ രൂപീകരണവും നടത്തിപ്പും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആഗസ്റ്റ് 9-ാം തീയതി പനമരം പാദ്രേ പിയോ ആശ്രമത്തിൽ വച്ചും 16-ാം തീയതി പുൽപ്പള്ളി തിരുഹൃദയ ദേവാലയ അങ്കണത്തിൽ വച്ചും 17, 18 തീയതികളിൽ WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ചും സംഘങ്ങളുടെ നേതൃത്വം വഹിക്കുന്നവർക്കുവേണ്ടി പരിശീലനപരിപാടി നടത്തി. നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ. സജിത് കുമാർ, ജില്ലാ ലീഡ് ബാങ്ക് മാനേജർ ശ്രീ. കെ.റ്റി. ജോർജ്ജ്, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, WSSS അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, പ്രോഗ്രാം ഓഫീസർ ശ്രീ. ഒ.പി. അബ്രാഹം, കോർഡിനേറ്റർ ശ്രീ. കെ. ഒ. ജോയി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. 218 വനിതാ സ്വാശ്രയ സംഘഭാരവാഹികൾ പ്രസ്തുത പരിപാടിയിൽ സജീവമായി പങ്കെടുത്തു.

## വ്യവസായ സംരംഭകത്വ പരിശീലനം

വനിതാ സ്വാശ്രയ സംഘ ഭാരവാഹികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി ബോയ്സ് ടൗണിലുള്ള WSSS പരിശീലന കേന്ദ്രത്തിൽ വെച്ച് ആഗസ്റ്റ് 20, 21 തീയതികളിൽ ദ്വിദിന നേതൃത്വ പരിശീലനം നൽകി. പരിശീലന പരിപാടിയുടെ ഉത്ഘാടനം WSSS അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി നിർവ്വഹിച്ചു. പരിശീലനത്തിന് ചാലക്കുടി ബദൽ ജീവന കേന്ദ്രം ഡയറക്ടർ ശ്രീ. വർഗ്ഗീസ് പോൾ നേതൃത്വം നൽകി. 20 തരം ഉത്പന്നങ്ങൾ പ്രസ്തുത പരിശീലനത്തിൽ നിർമ്മിക്കുവാൻ പഠിപ്പിച്ചു.

## CARITAS FARM PROJECT

കാരിത്താസ് ഫാം പദ്ധതിയുടെ ഭാഗമായി തൃശ്ശിലേരി മോഡൽ ഫാമിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റിലേക്ക് പാത്രങ്ങളും, പാക്കിംഗിന് ആവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തു.

## ബയോഗ്യാസ് വികസന പദ്ധതി

പഴൂർ, തരിയോട്, വരയാൽ തുടങ്ങിയ സ്ഥലങ്ങളിൽ രണ്ട് ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ഒരു പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. മൂന്ന് സ്ഥലങ്ങളിൽ പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

ആഗസ്റ്റ് മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ:-

2012-13 വർഷത്തെ പുതിയ കുടുംബങ്ങളുടെ രണ്ടാംഘട്ട തിരഞ്ഞെടുപ്പ് പൂർത്തിയായി. മാനന്തവാടി റീജണിലെ ചെറുകാട്ടൂർ, കുറ്റിമൂല, തവിഞ്ഞാൽ, ഇടയൂർക്കുന്ന് എന്നീ അഞ്ച് ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത 32 കുടുംബങ്ങളിൽ SAFP പ്രോഗ്രാം ശ്രീമതി ഷിന്റോ ജോസ് സന്ദർശനം നടത്തുകയും SAFP അംഗത്വം നൽകുകയും ചെയ്തു.

SAFP India ഓഫീസിൽ വെച്ച് "Partnership Development & Mediation Skill" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പരിശീലനത്തിൽ SAFP കോർഡിനേറ്റർ ശ്രീമതി ലീഷ്മ മേരി, പുൽപ്പള്ളി റീജണൽ ആനിമേറ്റർ ശ്രീമതി സുജാ മാത്യു, മാനന്തവാടി റീജണൽ ആനിമേറ്റർ ശ്രീമതി ആൻസി ജെൽസൺ എന്നിവർ പങ്കെടുത്തു.

ആഗസ്റ്റ് 13, 16 തീയതികളിൽ മാനന്തവാടി, പുൽപ്പള്ളി മേഖലകളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. 'Organic Manure Preparation' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി അന്നമ്മ സെബാസ്റ്റ്യൻ ക്ലാസ്സെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

**നേതൃത്വ പരിശീലന ക്യാംമ്പ്**

ആഗസ്റ്റ് മാസം ഒന്നാം തീയതി MSMI സഭാസമൂഹത്തിലെ മദർ സുപ്പീരിയേഴ്സിനും കൗൺസിലർമാർക്കും ബത്തേരി ക്രിസ്തുജ്യോതി ജനറലേറ്റിൽ വച്ച് കേരളാ ലേബർ മൂവ്മെന്റിന്റെ പരിശീലന പരിപാടി സംഘടിപ്പിച്ചു. 35 ലധികം സന്യാസിനികൾ ക്ലാസ്സിൽ പങ്കെടുത്തു. പ്രസ്തുത പരിപാടിയിൽ KLM സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ, KLM ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രോഗ്രാം സംഘടിപ്പിച്ച പ്രൊവിൻഷ്യാളിനും, സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

ഫ്രാൻസിസ്കൻ ക്ലാരസഭ സന്യാസിനി സമൂഹത്തിലെ മദർ സുപ്പീരിയർമാരും കൗൺസിലർമാർക്കും വേണ്ടിയുള്ള സെമിനാർ ആഗസ്റ്റ് രണ്ടാം തീയതി മാനന്തവാടി ദീപ്തിഭവനിൽ വെച്ച് നടന്നു. അറുപതിലധികം സിസ്റ്റേഴ്സ് സെമിനാറിൽ പങ്കെടുത്തു. പ്രസ്തുത സെമിനാറിന് KLM ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ബോധവൽക്കരണ സെമിനാർ**

ആഗസ്റ്റ് മാസം 5-ാം തീയതി ഏലപ്പീടിക സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ KLM ബോധവൽക്കരണ സെമിനാർ നടന്നു. പ്രസ്തുത പരിപാടിയിൽ ഇടവക വികാരി റവ. ഫാ. സജി കൊച്ചുപാറയ്ക്കൽ അദ്ധ്യക്ഷനായിരുന്നു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. ശ്രീ. ബിനോ കുരുവിളയാനിക്കൽ സ്വാഗതവും, ശ്രീ.ജെയ്സൺ കാട്ടാംപള്ളി നന്ദിയുമർപ്പിച്ചു. 175 പേർ പരിപാടിയിൽ പങ്കെടുത്തു.

നടവയൽ ഇൻഫന്റ് ജീസസ് ദേവാലയത്തിൽ ആഗസ്റ്റ് 26-ാം തീയതി KLM ന്റെ ബോധവൽക്കരണ സെമിനാർ നടത്തി. വിവിധ

തരത്തിലുള്ള ക്ഷേമനിധി പദ്ധതിയെക്കുറിച്ചും കേന്ദ്ര സർക്കാരിന്റെ പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ KLM നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതിയായ KLM സുരക്ഷയെക്കുറിച്ചും ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സെടുത്തു. ഇടവക വികാരി റവ. ഫാ. ഷാജി മുളകൊടിയാങ്കൽ അധ്യക്ഷത വഹിച്ച സെമിനാറിൽ 200 പേർ പങ്കെടുത്തു.

**സുരക്ഷ പെൻഷൻ പദ്ധതി**

മുള്ളൻകൊല്ലി, ശശിമല, ചുങ്കക്കുന്ന്, തവിഞ്ഞാൽ, ഇരുളം എന്നീ ഇടവകകളിൽ സുരക്ഷാ പദ്ധതിയുടെ എൻറോൾമെന്റ് നടന്നു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

&

## Tidings from 21 August 2012

- In addition to the usual celebrations, the uniqueness of this years' Onam was the Ona-sadhya, which brought the whole community on a single platform. The volunteers of the National Service Scheme and the Commerce Dept coordinated the Onam celebrations in the Maitri Community Development Centre at the Murukkumtheri Dalit Colony.
- Sarath Ram of the II Yr Functional English is awarded the Rs. 18,000/- Scholarship of the Higher Education Council for the Year.
- The service of Dr Sr Germina is extended to the Central University of Kerala on Deputation as Course Director of the Dept of Mathematics.
- Dr P.K. Prasadan has taken the lead to coordinate the much delayed Reaccreditation process.
- The Student Community honoured both the Teaching and Administrative Teams on the Teachers' Day.
- Sri Regi Francis and Sri Sabu O.J. attended the Annual Conference and Award Ceremony of the National Service Scheme at the Kannur University. Sruthimol T.S. was honoured for participating in the Republic Day Parade 2012.
- Four of our NCC Cadets: Jishnu, Sanil, Dino, and Anuvind are selected for the National Integration Camp at Budha Gaya in Bihar.
- On 14 September, the Music Club of the College on the hospitality of SPIC MACAY (Society for the Promotion of

Indian Classical Music and Culture Among the Youth) presented a Musical Delight of Pandit Brij Narayan from Rajasthan, world renowned Sarod maestro (Great Performer on the Sarod, the stringed musical instrument) and Sri Megha Shyam Kesav from Karnataka, a Software Engineer cum tabalist. It was indeed an ecstatic experience when the whole audience remained spellbound on an alien realm!

- Sri Sabu O.J., has attended the Orientation of the Animators of the AICUF (All India Catholic University Federation) at the Indian Social Institute, Bangaluru.
- Dr Shaju P.P. attended the Training of the Trainers on Child Rights and Media organized by the Kerala Institute of Local Administration at Trichur on 14 & 15 September.
- Dr Prasadan attended the Research Expert Committee Meet of the Kannur University on 7 September.
- Rev. Dr Gervasis Mattam, the Procurator of the Diocese and Rev. Fr Chandy Punakkattu, the Manager blessed the Final Phase of the Constructions of the XI Plan Projects on campus.

**Dr. Raju George**

Principal

# റേഡിയോ മാറ്റൊലി 90.4 mhz

**റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ മൂന്നു വർഷം പിന്നിട്ടു.**

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന റേഡിയോ മാറ്റൊലി പ്രക്ഷേപണത്തിന്റെ മൂന്നു വർഷം വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു.

ജില്ലയിലെ കർഷകർ, ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ മറ്റു പാർശ്വവല്കൃത സമൂഹങ്ങൾ എന്നിവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കി ആഴ്ചവട്ടത്തിൽ അമ്പതിലേറെ പരിപാടികൾ ദിവസേനയുള്ള പതിനാറുമണിക്കൂർ പ്രക്ഷേപണത്തിലൂടെ നടത്തുന്നു.

റേഡിയോ മാറ്റൊലി കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോയാണ്. UNICEF ന്റെ പഠനത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനമാണ് മാറ്റൊലിക്കുള്ളത് ('Abiding Voices' Published in Feb. 2012). സംസ്ഥാന സർക്കാരിന്റെ മീഡിയാ ലിസ്റ്റിൽ ഇടം നേടിയ മാറ്റൊലി DAVP യിലും എംപാനൽ ചെയ്തു കഴിഞ്ഞു.

എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യവും ഉപകാരപ്രദവുമായ വൈവിദ്ധ്യമാർന്ന പരിപാടികൾ സ്ഥിരമായി ശ്രവിക്കുന്ന അനേകർ വയനാട്ടിലുണ്ട്. വിജ്ഞാന വർദ്ധനവിനും, സാമ്പത്തിക നേട്ടങ്ങൾക്കും മാറ്റൊലി സഹായകമായതായി ധാരാളം പേർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വൈസ് ചെയർമാൻകൂടിയായ രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ചെയർമാനായ 19 അംഗ മാനേജിംഗ് കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ ജനവിഭാഗങ്ങളിൽപ്പെട്ടവർ കമ്മിറ്റിയിൽ അംഗങ്ങളാണ്. 18 മുഴുവൻ സമയപ്രവർത്തകർക്ക് പുറമേ സന്നദ്ധ സേവനം നടത്തുന്ന 73 പേരും ദ്വാരകയിലുള്ള റേഡിയോ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു.

ജനങ്ങളുടെ പിന്തുണയും സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ പ്രോത്സാഹനവും സാമ്പത്തിക സഹായവുമാണ് ഈ രംഗത്തെ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 45 ലക്ഷം രൂപ വരവും 39 ലക്ഷം രൂപ ചെലവും ഉണ്ടായിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 66 ലക്ഷം രൂപയുടെ ബഡ്ജറ്റാണ് മാനേജിംഗ് കമ്മിറ്റി പാസ്സാക്കിയിരിക്കുന്നത്.

മറ്റു ജോലികൾ ചെയ്യുമ്പോഴും ശ്രവിക്കാവുന്ന ഒരു മാധ്യമമെന്ന നിലയിൽ റേഡിയോ മാറ്റൊലിയുടെ ഒരു ശ്രോതാവാകാനും, മറ്റുള്ളവരെ അതിനു പ്രോത്സാഹിപ്പിക്കാനും, സാധിക്കുമെങ്കിൽ മാറ്റൊലിയിൽ സന്നദ്ധ പ്രവർത്തനത്തിനു വരാനും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ജില്ലയ്ക്ക് വെളിയിൽ താമസിക്കുന്നവർക്ക് www.radiomattoli.com എന്ന സൈറ്റിൽ ഇന്ത്യൻ സമയം രാവിലെ 6 മുതൽ രാത്രി 10 വരെ മാറ്റൊലിയിലെ പരിപാടികൾ തത്സമയം ശ്രവിക്കാവുന്നതാണ്.

**ഫാ. ജോസ് കാവുങ്കൽ**

അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

## ചരിത്ര കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു

മലബാറിന്റെ ആത്മീയ ഭൗതിക വളർച്ചയിൽ നിർണ്ണായക ശക്തിയായി മാറിയ മാനന്തവാടി രൂപതയുടെ കഴിഞ്ഞ നാലു പതിറ്റാണ്ടു കാലത്തെ ചരിത്ര വഴികൾ വരും തലമുറയ്ക്ക് പ്രയോജനപ്പെടുത്തും വിധം ആലേഖനം ചെയ്യുക എന്ന ബൃഹത് ദൗത്യവുമായി മാനന്തവാടി രൂപതാ ചരിത്ര കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. 2012 സെപ്റ്റംബർ 8-ന് ചരിത്ര കമ്മിറ്റി ഓഫീസ്, ദ്വാരക പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളികുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ബാബു മാപ്ലശേരി സ്വാഗതവും, ശ്രീ. തോമസ് ഏറണാട്ട് നന്ദിയും പറഞ്ഞു.

## ചരിത്രഗ്രന്ഥം - പ്രത്യേക ശ്രദ്ധയ്ക്ക്

മാനന്തവാടി രൂപതയിലെ എല്ലാ ഇടവകകളുടെയും എല്ലാ കോൺഗ്രിഗേഷനുകളുടെയും രൂപതാ ഡിപ്പാർട്ടുമെന്റുകളുടെയും, രൂപതയിലെ എല്ലാ സംഘടനകളുടെയും ചരിത്ര രചന 2012 നവംബർ 30-ന് മുൻപായി കൃത്യമായ വസ്തുതകൾ ചേർത്ത് ചരിത്ര കമ്മിറ്റി ഓഫീസിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

## സർവ്വേ ഫോറം

ഇടവകകളെക്കുറിച്ചും ബഹു. വൈദികരെക്കുറിച്ചുമുള്ള വ്യക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി നൽകിയിരിക്കുന്ന സർവ്വേ ഫോറങ്ങൾ ഒരു മാസത്തിനുള്ളിൽ പൂരിപ്പിച്ച് തന്ന് സഹകരിക്കണമെന്ന് ബഹു. വൈദികരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## ക്രിസ്മസ് പ്രോഗ്രാം ചാനൽ സംപ്രേഷണം

വയനാട്ടിലെ പ്രമുഖ കേബിൾ ടി.വി. ചാനലുകളിൽ ക്രിസ്മസ് പ്രോഗ്രാം സംപ്രേഷണം ചെയ്യുന്നതിനായി മാനന്തവാടി രൂപതാ മീഡിയാ കമ്മീഷനോട് സഹകരിക്കാൻ താൽപര്യമുള്ള ഇടവകകളും സ്ഥാപനങ്ങളും എത്രയും പെട്ടെന്ന് രൂപതാ മീഡിയാ കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടുക.

**ഗ്ലോറിയ 2012**

മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ മാസത്തിൽ നടത്തുന്ന കരോൾഗാന മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള ഇടവക ടീമുകൾ നവംബർ അവസാനത്തോടുകൂടി മേഖലാതല മത്സരങ്ങൾക്ക് സജ്ജമാകുക.

**മാധ്യമങ്ങളിലെ ക്രൈസ്തവ വിരുദ്ധതക്കെതിരെ പ്രതികരിക്കുക**

ഇന്ത്യയുടെ മതേതരത്വത്തെയും സമുദായ സൗഹാർദ്ദത്തെയും തകർക്കുവാനുള്ള സാമൂഹ്യവിരുദ്ധ ശക്തികളുടെ നീക്കങ്ങൾ സമീപ കാലത്ത് മാധ്യമങ്ങളിലൂടെ ഏറെ ശക്തിപ്പെട്ടിരിക്കുകയാണ്. ക്രൈസ്തവ വിരുദ്ധ നീക്കങ്ങളെ സുവിശേഷാനുസൃതവും ഭരണ ഘടനാ വിധേയവുമായി പ്രതിരോധിക്കുവാനും പ്രതികരിക്കുവാനുമുള്ള കടമ ഓരോ ക്രൈസ്തവനുമുണ്ട്. ഏതെങ്കിലും മാധ്യമത്തിൽ ക്രൈസ്തവ വിശ്വാസങ്ങളെയും സാമുദായിക വികാരങ്ങളെയും അവഹേളിക്കുന്നതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ പ്രക്ഷേപണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ തെളിവുശേഖരിക്കുകയും എത്രയും പെട്ടെന്ന് രൂപതാ മീഡിയാ കമ്മീഷനിലോ, PRO ഓഫീസിലോ അറിയിക്കുക.

ഒരു വിവാദ പുസ്തകത്തെ ആസ്പദമാക്കി ഇപ്പോൾ ചിത്രീകരണം നടന്നുകൊണ്ടിരിക്കുന്ന ഒരു മലയാള ചലച്ചിത്രം ക്രൈസ്തവ വിശ്വാസങ്ങളെ മനപൂർവ്വം അവഹേളിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കി ഇതു തടയണമെന്നാവശ്യപ്പെട്ട് മീഡിയാകമ്മീഷൻ സെൻസർ ബോർഡിന് പരാതി നൽകുകയുണ്ടായി. ഇക്കാര്യത്തിൽ കർശന നടപടി ഉണ്ടാകുമെന്ന് സെൻസർ ബോർഡിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം പ്രവണതകൾക്കെതിരെ ക്രൈസ്തവ സമൂഹം ജാഗ്രത പുലർത്തുക.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Ph. 9447545460, 9544256990, 04936-289042
Email: frbabum@gmail.com,
mediacommissionmananthavady@gmail.com
മീഡിയാ കമ്മീഷൻ - 04935-240066
ചരിത്രകമ്മിറ്റി ഓഫീസ് - 8943600554



# അറിയിപ്പുകൾ

## 1) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതി 14-ാം വർഷത്തിലേയ്ക്ക് കടന്നതായി അറിയിക്കുന്നതിൽ സന്തോഷമുണ്ട്. KMCA യുടെ 40 -ാം വാർഷികത്തോട് അനുബന്ധിച്ച് ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 400 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2012 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 850 മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 marks, A = 80 marks, B+ = 70 marks, B = 60 marks, C+ = 50 marks, C = 40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലി ഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യ പത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോ പ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2012 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ട താണ്.

അയയ്ക്കേണ്ട വിലാസം:

Babu Abraham, Kizhakkedathu Mariam Complex,
Pathanamthitta P.O., 689645

സ്നേഹപൂർവ്വം,

**Babu Abraham** (General Secretary)

NB:- Acknowledgement ആവശ്യമുള്ളവർ Self Addressed Post Card കൂടി അപേക്ഷക്കൊപ്പം അയയ്ക്കണം.




# Programme

## PASTORAL CENTRE, DWARAKA

**October 2012**

| | | |
|---|---|---|
| Set 29 S - 2 T | : | Marriage Preparation Course |
| 05 F | : | KCYM: Secretariat / Syndicate;<br>Zion CRC : Night Vigil |
| 06 S | : | Zion CRC : Prayer Day, Cat HDC |
| 09 T | : | Marian Singles |
| 11 W - 14 S | : | German Group |
| 12 F | : | CMl Executive + Team;<br>Jesus Youth Night Vigil |
| 13 S | : | Jesus Youth : Prayer Day |
| 12 F - 15 M | : | Marriage Preparation Course |
| 16 T | : | CMA |
| 19 F - 24 W | : | Campus Retreat |
| 23 T | : | Cat HDC |
| 26 F - 29 M | : | Marriage Preparation Course |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## October 2012

| | |
|---|---|
| 01 Mon..................... | Palai : Episcopal Ordination |
| 02 Tue 10 Wed ..... | Out of Station |
| 11 Thu .................... | Kartikulam - Divine Providence Seminary |
| 12 Fri ..................... | Out of Station |
| 13 Sat ..................... | Engaged |
| 14 Sun .................... | Bathery : Pastoral Visit |
| 17 Wed ................ | Visitors' Day |
| 18 Thu 20 Sat ....... | Out of Station |
| 21 Sun .................... | Vadapuram : Pastoral Visit |
| 22 Mon ................... | Thelpara : Blessing of the Foundation Stone of the School Building of Assumption Sisters |
| 24 Wed .................. | Arattuthara St.Patrick's School : AA Meeting, |
| 25 Thu .................... | Cherukattoor : Final Profession of Sisters of Lyons |
| 26 Fri .................. | Out of Station |
| 27 Sat Morning .... | Nadavayal CMC Provincial House : Golden Jubilee of Sisters |
| Afternoon .... | Cheengonde : Holy Mass |
| 28 Sun .................... | Pastoral Visit |

*29 Mon 30 Tue ......* *Kunnoth Seminary*

*31 Wed ....................* *Engaged*

## *November 2012*

| | |
|---|---|
| *03 Sat 04 Sun .......* | *Engaged* |
| *05 Mon 13 Tue .....* | *Israel* |
| *16 Fri ....................* | *Out of Station* |
| *17 Sat ...................* | *Thalanji : School Anniversary* |
| *26 Mon ...............* | *Kannur : Ordination of Dn. Jibi Purathoor OFM.Cap* |
| *26 Mon 28 Wed ...* | *Dwaraka : Refreshment Course for Priests* |
| *29 Thu ..................* | *Munderi : Church Blessing* |